# പതിനഞ്ചാം കേരള നിയമസഭ

# ( FIFTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി - VII

## (SUBJECT COMMITTEE VII)

## വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും

## (ELECTRICITY, LABOUR AND LABOUR WELFARE)

## 2023-24 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ട പ്രകാരമുള്ളത്]

2024 ജൂലൈ 10-ാം തീയതി സമർപ്പിച്ചത്
(Presented on 10th July 2024)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2024

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2024

# പതിനഞ്ചാം കേരള നിയമസഭ

# ( FIFTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി VII

## (SUBJECT COMMITTEE VII)

## വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും

## (ELECTRICITY, LABOUR AND LABOUR WELFARE)

**2023-24 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ട പ്രകാരമുള്ളത്]

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി VII

## വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും

(2023-26)

## ഘടന

ചെയർമാൻ

ശ്രീ. കെ. കൃഷ്ണൻകുട്ടി,
വൈദ്യുതി വകുപ്പ് മന്ത്രി

എക്സ്-ഒഫീഷ്യോ അംഗം

ശ്രീ. വി. ശിവൻകുട്ടി,
പൊതുവിദ്യാഭ്യാസ - തൊഴിൽ വകുപ്പ് മന്ത്രി

അംഗങ്ങൾ :

ശ്രീ. അൻവർ സാദത്ത്, എം.എൽ.എ.

ശ്രീ. എ. കെ. എം. അഷ്റഫ്, എം.എൽ.എ.

ശ്രീ. എം. എം. മണി, എം.എൽ.എ.

ശ്രീ. കെ. പി. മോഹനൻ, എം.എൽ.എ.

ശ്രീ. പി. നന്ദകുമാർ, എം.എൽ.എ.

ശ്രീ. എ. പ്രഭാകരൻ, എം.എൽ.എ.

ശ്രീ. കെ. കെ. രാമചന്ദ്രൻ, എം.എൽ.എ.

ശ്രീ. വാഴൂർ സോമൻ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ. ഷാജി സി. ബേബി, സ്പെഷ്യൽ സെക്രട്ടറി

ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി

## അവതാരിക

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ 2023-2024 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സമിതിയുടെ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം ഞാൻ സമർപ്പിക്കുന്നു.

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ 2023-2024 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയുടെ അടിസ്ഥാനത്തിലുള്ള മൂന്നാമത് റിപ്പോർട്ടിലെ തൊഴിലും നൈപുണ്യവും, ഊർജ്ജം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച അനന്തര നടപടികൾ ഉൾപ്പെടുന്നതാണ് ഈ റിപ്പോർട്ട്.

സബ്ജക്ട് കമ്മിറ്റി VII-ന്റെ 2023-2024 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് 2023 ഫെബ്രുവരി 27-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച അനന്തര നടപടി സ്റ്റേറ്റ്മെന്റുകൾ സമിതിയുടെ 10.08.2023, 29.05.2024, 08.07.2024 എന്നീ തീയതികളിലെ യോഗത്തിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

2024 ജൂലൈ 08-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

തിരുവനന്തപുരം,
2024 ജൂലൈ 10

**ശ്രീ. കെ. കൃഷ്ണൻകുട്ടി,**
***ചെയർമാൻ,***
***സബ്ജക്ട് കമ്മിറ്റി-VII.***

# റിപ്പോർട്ട്

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ 2023-2024 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ മറുപടി ലഭിച്ച ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകളും

## തൊഴിലും നൈപുണ്യവും വകുപ്പ്

## ശിപാർശ

2230-01-001-99 - നടത്തിപ്പ്

വിഹിതം : 8,11,30,000 രൂപ (പദ്ധതിയേതരം)

ലേബർ കമ്മീഷണറുടെ ഓഫീസിലെ വിവരസാങ്കേതികവിദ്യ,മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും എന്നീ ഇനങ്ങളിൽ ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും [21(2)] ഇനത്തിൽ 1 ലക്ഷം രൂപയും വിവരസാങ്കേതിക വിദ്യ [99] ഇനത്തിൽ 1 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 2 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 1)

## സർക്കാർ സ്വീകരിച്ച നടപടി

മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും ഇനത്തിൽ 2230-01-001-99-21-02 (R&M) ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായ 2,32,000/- രൂപയ്ക്ക് പുറമേ 1,00,000/- രൂപ കൂടി അധിക ധനാനുമതിക്കായി ലേബർ കമ്മീഷണർ ആവശ്യപ്പെടുകയും 73,000/-രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

2230-01-001-99-IT ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായ 1,00,000/- രൂപയ്ക്ക് പുറമേ 1,00,000/- രൂപ കൂടി അധിക ധനാനുമതിക്കായി ലേബർ കമ്മീഷണർ ആവശ്യപ്പെടുകയും 18,000/-രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

**ശിപാർശ**

2230-01-001-98 - ജില്ലാ ആഫീസുകൾ

വിഹിതം : 25,85,01,000 രൂപ (പദ്ധതിയേതരം)

മൂന്ന് റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാരുടെ ഓഫീസുകളിലെയും നാല് ഡെപ്യൂട്ടി ലേബർ കമ്മീഷണർമാരുടെ ഓഫീസുകളിലെയും പതിനാല് ജില്ലാ ലേബർ ഓഫീസുകളിലെയും വിവരസാങ്കേതികവിദ്യ ഇനത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ വിവരസാങ്കേതികവിദ്യ [99] ഇനത്തിൽ 1 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 2)

**സർക്കാർ സ്വീകരിച്ച നടപടി**

2230-01-001-98-99-IT ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായ 1,00,000/-രൂപയ്ക്ക് പുറമേ 1,00,000/- രൂപ കൂടി അധിക ധനാനുമതിക്കായി ലേബർ കമ്മീഷണർ ആവശ്യപ്പെടുകയും 31,000/-രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

**ശിപാർശ**

2230-01-102-98- പ്ലാന്റേഷൻ ഇൻസ്പെക്ടറേറ്റ്

വിഹിതം : 4,03,13,000 രൂപ (പദ്ധതിയേതരം)

ചീഫ് പ്ലാന്റേഷൻ ഇൻസ്പെക്ടർ ഓഫീസിന്റെയും 11 പ്ലാന്റേഷൻ

ഇൻസ്പെക്ടർ ഓഫീസുകളിലെയും ഓഫീസ് ചെലവുകൾ, വിവരസാങ്കേതികവിദ്യ എന്നീ ഇനങ്ങളിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ [05(4)] ഇനത്തിൽ 1 ലക്ഷം രൂപയും വിവരസാങ്കേതികവിദ്യ [99] ഇനത്തിൽ 1 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 2 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -3)

## സർക്കാർ സ്വീകരിച്ച നടപടി

2230-01-102-98-00-05-04 OE ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായ 1,30,000/-രൂപയിൽ 1,08,550/- രൂപ മാത്രമാണ് വിനിയോഗിച്ചത്. ടി ശീർഷകത്തിലെ തുക പൂർണ്ണമായും വിനിയോഗിക്കാത്തതിനാൽ അധിക ധനാനുമതിക്കായി ലേബർ കമ്മീഷണർ ആവശ്യപ്പെട്ടിരുന്നില്ല.

2230-01-102-98-00-99-IT ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായ 6,000/-രൂപയ്ക്ക് പുറമേ 1,00,000/- രൂപ കൂടി അധിക ധനാനുമതിക്കായി ലേബർ കമ്മീഷണർ ആവശ്യപ്പെടുകയും 32,000/-രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

## ശിപാർശ

2230-01-103-89- തൊഴിൽ വകുപ്പിന്റെ നവീകരണവും വേതനം ഇ-പേയ്മെന്റ് മുഖേനയാക്കലും

വിഹിതം : 1,50,00,000 രൂപ (പദ്ധതി)

തൊഴിൽ വകുപ്പിന്റെ ആധുനികവത്ക്കരണം, വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കൽ എന്നീ പദ്ധതികളുടെ നടത്തിപ്പിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ

1.24 കോടി രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -4)

**സർക്കാർ സ്വീകരിച്ച നടപടി**

2230-01-103-89 തൊഴിൽ വകുപ്പിന്റെ നവീകരണവും വേതനവും ഇ-പേയ്മെന്റ് മുഖേനയാക്കലും 2230-01-103-89 ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി അനുവദിച്ച 1,50,00,000/-രൂപയിൽ 1,12,98,973/- രൂപ മാത്രമാണ് വിനിയോഗിച്ചത്. ടി ശീർഷകത്തിലെ തുക പൂർണ്ണമായും വിനിയോഗിക്കാത്തതിനാൽ ലേബർ കമ്മീഷണർ അധിക ധനാനുമതി ആവശ്യപ്പെട്ടിരുന്നില്ല.

**ശിപാർശ**

2230-01-103-87-10 - പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്കുള്ള ധനസഹായം - സംഭാവന

വിഹിതം : 10,03,03,000 രൂപ (പദ്ധതിയേതരം)

പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്കുള്ള എക്സ്-ഗ്രേഷ്യ വിതരണത്തിനായി കൂടുതൽ തുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 4.9697 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -5)

**സർക്കാർ സ്വീകരിച്ച നടപടി**

പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്കുള്ള എക്സ്-ഗ്രേഷ്യ വിതരണത്തിനായി സമിതി അധികമായി ശിപാർശ ചെയ്ത 4.9697 കോടി രൂപ ആവശ്യമായി വന്നില്ല.

**<u>ശിപാർശ</u>**

2230-01-103-79-10 – <u>കേരള ചെത്തു തൊഴിലാളി ക്ഷേമനിധി ബോർഡിലേയ്ക്ക് തൊഴിലാളികളുടെ വിഹിതം അടയ്ക്കുന്നതിനുള്ള ഗ്രാന്റ് - സംഭാവന</u>

വിഹിതം : 2,43,00,000 രൂപ (പദ്ധതിയേതരം)

കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന് സർക്കാർ ഗ്രാന്റ് ഇനത്തിൽ കുടിശ്ശിക നൽകേണ്ടതുള്ളതിനാൽ, <u>ഈ ശീർഷകത്തിൽ 52.138 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക - 6)

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന് സർക്കാർ ഗ്രാന്റ് ഇനത്തിൽ 52.138 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ധനകാര്യ വകുപ്പിനോട് അഭ്യർത്ഥിച്ചു. എന്നാൽ, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് തൊഴിൽ വകുപ്പിന് കീഴിലെ സാമ്പത്തിക ഭദ്രതയുള്ള ബോർഡായതിനാലും സർക്കാരിന്റെ നിലവിലെ സാമ്പത്തിക സാഹചര്യങ്ങളിലും സാമ്പത്തിക ഭദ്രത കുറവുള്ള നിരവധി ബോർഡുകൾക്ക് സാമ്പത്തിക സഹായം നൽകേണ്ടി വരുന്നതും കണക്കിലെടുത്ത് ഇപ്പോൾ അംശദായ കുടിശ്ശിക അനുവദിക്കാനാവില്ല എന്ന് ധനകാര്യ വകുപ്പ് അറിയിച്ചിട്ടുള്ള വിവരം സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

**ശിപാർശ**

2230-01-103-72-10 – കേരള കർഷക തൊഴിലാളി ക്ഷേമബോർഡ്-
അംശദാനം-സംഭാവന

വിഹിതം : 100,00,00,000 രൂപ (പദ്ധതിയേതരം)

കേരള കർഷകതൊഴിലാളി ക്ഷേമബോർഡിലെ അധിവർഷആനുകൂല്യം ഒഴികെയുള്ള ആനുകൂല്യ കുടിശ്ശിക കൊടുത്ത് തീർക്കുന്നതിനായി ഈ ശീർഷകത്തിൽ 50 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 7)

**സർക്കാർ സ്വീകരിച്ച നടപടി**

2023-24 സാമ്പത്തിക വർഷം അധിവർഷാനുകൂല്യ വിതരണത്തിനായി "2230-01-103-72-10 (സംഭാവന) നോൺ പ്ലാൻ" ശീർഷകത്തിൽ 10 കോടി രൂപ അനുവദിച്ചിട്ടുള്ളതിനാലും ടി സാമ്പത്തിക വർഷം അവസാനിച്ചതിനാലും മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനയ്ക്കായുള്ള ശിപാർശ പരിഗണിക്കാനാവില്ല എന്ന് ധനകാര്യ വകുപ്പ് അറിയിച്ചിട്ടുണ്ട്.

**ശിപാർശ**

2230-01-103-71-10 കേരള ഈറ്റ കാട്ടുവള്ളി തഴപ്പായ് തൊഴിലാളി ക്ഷേമ
ബോർഡ് - അംശദാനം - സംഭാവന

വിഹിതം : 7,85,52,000 രൂപ (പദ്ധതിയേതരം)

കേരള ഈറ്റ കാട്ടുവള്ളി തഴപ്പായ് തൊഴിലാളി ക്ഷേമ ബോർഡിന്റെ സംഭാവന ഇനത്തിൽ കുടിശ്ശികത്തുക അനുവദിക്കാനുള്ളതിനാൽ ഈ ശീർഷകത്തിൽ 2.8765 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -8)

## സർക്കാർ സ്വീകരിച്ച നടപടി

പെൻഷൻ ഇതര ആനുകൂല്യ വിതരണത്തിനായി കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമബോർഡിന് " 2230-01-103-71-10-സംഭാവന (NP)" ശീർഷകത്തിൽ നിന്നും 1 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ടി തുക പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ട്.

## ശിപാർശ

2230-01-103-62-10 - പ്ലാന്റേഷൻ തൊഴിലാളികൾക്കുള്ള ആശ്വാസനിധി-സംഭാവന

വിഹിതം : 1,10,00,000 രൂപ (പദ്ധതിയേതരം)

പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് സമാശ്വാസ പ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടി ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -9)

## സർക്കാർ സ്വീകരിച്ച നടപടി

ഇടുക്കി ജില്ലാ പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റിയുടെ സമാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി 2023-2024 സാമ്പത്തിക വർഷം പീരുമേട് ടീ കമ്പനിയിലെ കുടിവെള്ള പദ്ധതിയുടെ വൈദ്യുത ചാർജ്ജ് നൽകുന്നതിനായി 1,00,000/- (ഒരു ലക്ഷം രൂപ മാത്രം) രൂപയും മറ്റ് ധനസഹായങ്ങൾ നൽകുന്നതിനുമായി 20,86,627/- (ഇരുപത് ലക്ഷത്തി എൺപത്തിയാറായിരത്തി അറുന്നൂറ്റി ഇരുപത്തിയേഴ് രൂപ മാത്രം) രൂപയും സ.ഉ. (സാധാ) നം.1138/2023/തൊഴിൽ, തീയതി: 14/09/2023, സ.ഉ. (സാധാ) നം.72/2024/തൊഴിൽ, തീയതി: 20/01/2024 പ്രകാരം അനുവദിച്ചിട്ടുള്ളതുമാണ്.

എന്നാൽ മുൻവർഷങ്ങളെ അപേക്ഷിച്ച് 2023-2024 വർഷം ധനസഹായം ആവശ്യപ്പെട്ട അപേക്ഷകളുടെ എണ്ണം കുറഞ്ഞുപോയതിനാലാണ് മുഴുവൻ തുകയും വിനിയോഗിക്കാൻ സാധിക്കാതെ വന്നിട്ടുള്ളത്. കൂടാതെ ലോൺട്രി എസ്റ്റേറ്റിലെ തോട്ടം തൊഴിലാളികൾക്ക് വെള്ളം പമ്പ് ചെയ്യുന്ന മോട്ടോർ പുരയുടെ മെയിന്റനൻസ് നടത്തുന്നതിനായി സ.ഉ. (സാധാ) നം.72/2024/തൊഴിൽ, തീയതി:20/01/2024 പ്രകാരം 1,88,850/- രൂപ അനുവദിച്ചിരുന്നു. എന്നാൽ തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന ടി മെയിന്റനൻസ് നടത്തുന്നതിനായി 5,00,000/- അനുവദിച്ചതായി ലോൺട്രി എസ്റ്റേറ്റ് കുടിവെള്ള പദ്ധതിയുടെ കൺവീനർ ടെലിഫോൺ മുഖേന ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസിനെ അറിയിക്കുകയും കൂടാതെ 2023-2024 സാമ്പത്തിക വർഷം ഇടുക്കി ജില്ലയിലെ പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് മെഡിക്കൽ ക്യാമ്പ് നടത്തുന്നതുമായി ബന്ധപ്പെട്ട് പീരുമേട് പ്ലാന്റേഷൻ ഇൻസ്പെക്ടർ വണ്ടിപ്പെരിയാർ സി.എച്ച്.സി-യുമായി ബന്ധപ്പെട്ടപ്പോൾ ഇപ്പോൾ ഒരു ഡോക്ടർ മാത്രമാണ് നിലവിൽ ഉള്ളതെന്നും മെഡിക്കൽ ക്യാമ്പ് നടത്തുന്നതിന് അസൗകര്യമുള്ളതായും അറിയിച്ചു. ആയതിനാൽ 2023-2024 സാമ്പത്തിക വർഷം മെഡിക്കൽ ക്യാമ്പ് നടത്തുവാൻ സാധിച്ചില്ല. ഈ സാഹചര്യത്തിലാണ് 2023-2024 സാമ്പത്തിക വർഷം വിവിധ ധനസഹായം നൽകുന്നതിനും, വൈദ്യുത ചാർജ്ജ് ഒടുക്കുന്നതിനുമായി 18,08,124/- രൂപ (പതിനെട്ട് ലക്ഷത്തി എണ്ണായിരത്തി ഒരുന്നൂറ്റി ഇരുപത്തിനാല് രൂപ മാത്രം) വിനിയോഗിക്കുകയും ബാലൻസ് തുകയായ 3,78,503/- (മൂന്ന് ലക്ഷത്തി എഴുപത്തി എണ്ണായിരത്തി അഞ്ഞൂറ്റി മൂന്ന് രൂപ മാത്രം) രൂപ തിരികെ ഒടുക്കുകയും ചെയ്തു. അതിനാൽ സമിതി ശിപാർശ ചെയ്ത അധിക തുക ആവശ്യമായി വന്നില്ല.

## ശിപാർശ

4250-00-201-92 – മൂന്നാറിൽ ലേബർ കോംപ്ലക്സ് നിർമ്മാണം

വിഹിതം : 40,00,000 രൂപ (പദ്ധതി)

മൂന്നാർ ലേബർ കോംപ്ലക്സിന്റെ നിർമ്മാണ ഏജൻസിയായ ഊരാളുങ്കൽ

ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിന് നിർമ്മാണ ചെലവ് പൂർണ്ണമായും വിതരണം ചെയ്യുന്നതിനായി 2 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -10)

**സർക്കാർ സ്വീകരിച്ച നടപടി**

മൂന്നാർ ലേബർ കോംപ്ലക്സിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ടി ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായ 40,00,000/- രൂപയിൽ 2,49,471/- രൂപയാണ് വിനിയോഗിച്ചത്. ടി ശീർഷകത്തിലെ തുക പൂർണ്ണമായും വിനിയോഗിക്കാത്തതിനാൽ ലേബർ കമ്മീഷണർ അധിക ധനാനുമതി ആവശ്യപ്പെട്ടിരുന്നില്ല.

**വ്യവസായിക പരിശീലന വകുപ്പ്**

**ശിപാർശ**

2230-03-001-99 - ട്രെയിനിംഗ് ഡയറക്ടറേറ്റ്

വിഹിതം : 10,42,52,000 രൂപ (പദ്ധതിയേതരം)

ട്രെയിനിംഗ് ഡയറക്ടറേറ്റിലെ ജീവനക്കാരുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റ്, വെള്ളക്കരം , വൈദ്യുതി ചെലവുകൾ,മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റ പണികളും, പി.ഒ.എൽ തുടങ്ങിയ ശീർഷകങ്ങളിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ മെഡിക്കൽ റീഇംബേഴ്സ്മെന്റ് [01(4)] ഇനത്തിൽ ഒരു ലക്ഷം രൂപയും, വെള്ളക്കരം [05(1)] ഇനത്തിൽ 1.71 ലക്ഷം രൂപയും വൈദ്യുതി ചെലവ് [05(2)] ഇനത്തിൽ 70 ലക്ഷം രൂപയും മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റ പണികളും [21(2)] ഇനത്തിൽ 1.45 ലക്ഷം രൂപയും പി.ഒ.എൽ(45) ഇനത്തിൽ 1.5 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 75.66 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 11)

## സർക്കാർ സ്വീകരിച്ച നടപടി

2230-03-001-99-ട്രെയിനിംഗ് ഡയറക്ടറേറ്റ് ശീർഷകത്തിൽ വെള്ളക്കരം [05(1)] ഇനത്തിൽ 1.50 ലക്ഷം രൂപയും പി.ഒ.എൽ [45] ഇനത്തിൽ 2.40 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 3.90 ലക്ഷം രൂപ ധനപുന:വിനിയോഗം വഴി അനുവദിച്ചിട്ടുണ്ട്.

## ശിപാർശ

2230-03-001-98- സ്റ്റാഫ് ട്രെയിനിംഗ് സംവിധാനം വികസിപ്പിക്കൽ

വിഹിതം : 19,73,000 രൂപ (പദ്ധതിയേതരം)

സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിലെ ജീവനക്കാർക്ക് യാത്രാബത്ത നൽകുന്നതിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ യാത്രാബത്ത [04(1)] ഇനത്തിൽ 50,000 രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 12)

## സർക്കാർ സ്വീകരിച്ച നടപടി

ബജറ്റ് വിഹിതം ചെലവഴിക്കപ്പെടാത്തതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

## ശിപാർശ

2230-03-001-96- വ്യാവസായിക പരിശീലന വകുപ്പിന്റെ നൈപുണ്യം മെച്ചപ്പെടുത്തൽ പദ്ധതി

വിഹിതം : 17,00,00,000 രൂപ (പദ്ധതി )

വിവിധ നൈപുണ്യ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനും 2023-ൽ തുടങ്ങുന്ന ഇന്ത്യാ സ്കിൽസ് നടപ്പിലാക്കുന്നതിനും അധികതുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 7.85 കോടി രൂപ അധികമായി

ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന മുഖേന വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -13)

## സർക്കാർ സ്വീകരിച്ച നടപടി

ബജറ്റ് വിഹിതം ചെലവഴിക്കപ്പെടാത്തതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

## ശിപാർശ

2230-03-001-93 - ട്രേഡ് ടെസ്റ്റ് വിംഗിനെ ശക്തിപ്പെടുത്തൽ

വിഹിതം : 81,00,000 രൂപ (പദ്ധതി)

ഐ.ഐ.ടി.-കളിൽ സി.ബി.റ്റി. സെന്ററുകൾ സ്ഥാപിക്കുന്ന ആവശ്യത്തിലേക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ 3.19 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 14)

## സർക്കാർ സ്വീകരിച്ച നടപടി

ബജറ്റ് വിഹിതം ചെലവഴിക്കപ്പെടാത്തതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

## ശിപാർശ

2230-03-001-89 - വ്യാവസായിക പരിശീലന വകുപ്പിന്റെ പ്രാദേശിക ഡയറക്ടറേറ്റ്

വിഹിതം : 1,12,78,000 രൂപ (പദ്ധതിയേതരം)

വകുപ്പിന്റെ പ്രാദേശിക ഡയറക്ടറേറ്റിലെ ജീവനക്കാരുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റ് ബില്ലുകൾ മാറുന്നതിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ മെഡിക്കൽ റീഇംബേഴ്സ്മെന്റ് [01(4)] ഇനത്തിൽ 50,000

<u>രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക - 15)

## സർക്കാർ സ്വീകരിച്ച നടപടി

ബജറ്റ് വിഹിതം ചെലവഴിക്കപ്പെടാത്തതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

## ശിപാർശ

2230-03-003-98 - <u>തൊഴിലുകളുടെ വൈവിധ്യവൽക്കരണം</u>

വിഹിതം : 30,89,000 രൂപ (പദ്ധതിയേതരം)

തൊഴിലുകളുടെ വൈവിധ്യവൽക്കരണവുമായി ബന്ധപ്പെട്ട ട്രേഡുകളിലെ ട്രെയിനികൾക്ക് സ്റ്റൈപ്പെൻഡിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും (12) ഇനത്തിൽ <u>1.29 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക - 16)

## സർക്കാർ സ്വീകരിച്ച നടപടി

ബജറ്റ് വിഹിതം ചെലവഴിക്കപ്പെടാത്തതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

## ശിപാർശ

2230-03-003-97 - <u>കേരള ലേബർ വെൽഫെയർ ഫണ്ട് നിർദ്ദേശിക്കുന്ന വ്യക്തികൾക്ക് പരിശീലനം</u>

വിഹിതം : 1,15,47,000 രൂപ (പദ്ധതിയേതരം)

കേരള ലേബർ വെൽഫെയർ ഫണ്ട് നിർദ്ദേശിക്കുന്ന വ്യക്തികൾക്ക് പരിശീലനത്തോടൊപ്പം നൽകുന്ന സ്റ്റൈപ്പെൻഡിനായി അനുവദിച്ച തുക

അപര്യാപ്തമായതിനാൽ സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും (12) ഇനത്തിൽ 60,000 രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 17)

## സർക്കാർ സ്വീകരിച്ച നടപടി

ബജറ്റ് വിഹിതം ചെലവഴിക്കപ്പെടാത്തതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

## ശിപാർശ

2230-03-101-99 - വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ

വിഹിതം : 197,53,01,000 രൂപ (പദ്ധതിയേതരം)

തൊണ്ണൂറ് ഐ.ടി.ഐ.കളുടെ നടത്തിപ്പിനായി ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ മെഡിക്കൽ റീഇംബേഴ്സ്മെന്റ് [01(4)] ഇനത്തിൽ 26.9 ലക്ഷം രൂപയും, യാത്രാബത്ത [04(1)] ഇനത്തിൽ 20 ലക്ഷം രൂപയും, ടെലഫോൺ ചെലവ് [05(3)] ഇനത്തിൽ 6 ലക്ഷം രൂപയും മറ്റിനങ്ങൾ [05(4)] ഇനത്തിൽ 2 ലക്ഷം രൂപയും വാടക, കരം, നികുതി (06) ഇനത്തിൽ 1 ലക്ഷം രൂപയും സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും (12) ഇനത്തിൽ 20 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 75.9 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 18)

## സർക്കാർ സ്വീകരിച്ച നടപടി

2230-03-101-99 'വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ' ശീർഷകത്തിൽ വെള്ളക്കരം [05(1)] ഇനത്തിൽ 8 ലക്ഷം രൂപയും വാടക, കരം, നികുതി (06) ഇനത്തിൽ 4.75 ലക്ഷം രൂപയും ടെലിഫോൺ ചെലവ് [05(3)] ഇനത്തിൽ 2.33 ലക്ഷം രൂപയും മറ്റിനങ്ങൾ [05(4)] ഇനത്തിൽ 2.82 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 17.90 ലക്ഷം രൂപ ധനപുന:വിനിയോഗം വഴി അനുവദിച്ചിട്ടുണ്ട്.

## ശിപാർശ

2230-03-101-96 - വനിതകൾക്കുള്ള വ്യാവസായിക പരിശീലന കേന്ദ്രം

വിഹിതം : 27,96,29,000 രൂപ (പദ്ധതിയേതരം)

പതിനാല് വനിതാ ഐ.ടി.ഐ.കളുടെ നടത്തിപ്പിനായി മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് [01(4)] ഇനത്തിൽ 2 ലക്ഷം രൂപയും യാത്രാബത്ത [04(1)] ഇനത്തിൽ 5 ലക്ഷം രൂപയും സ്ഥലംമാറ്റബത്ത [04(2)] ഇനത്തിൽ 1 ലക്ഷം രൂപയും അവധി യാത്രാനുകൂല്യം [04(4)]ഇനത്തിൽ 75,000 രൂപയും വെള്ളക്കരം [05(1)] ഇനത്തിൽ 1 ലക്ഷം രൂപയും, ടെലിഫോൺ ചെലവുകൾ [05(3)] ഇനത്തിൽ 2 ലക്ഷം രൂപയും മറ്റിനങ്ങൾ [05(4)] ഇനത്തിൽ 1 ലക്ഷം രൂപയും സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും [12] ഇനത്തിൽ 5 ലക്ഷം രൂപയും മറ്റ് ചെലവുകൾ-മറ്റിനം [34(3)] ഇനത്തിൽ 5 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 22.75 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യാർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 19)

## സർക്കാർ സ്വീകരിച്ച നടപടി

2230-03-101-96 'വനിതകൾക്കുള്ള വ്യാവസായിക പരിശീലന കേന്ദ്രം' ശീർഷകത്തിൽ മെഡിക്കൽ റീഇംബേഴ്സ്മെന്റ് [01(04)] ഇനത്തിൽ 1.53 ലക്ഷം രൂപയും സ്ഥലംമാറ്റബത്ത [04(2)] ഇനത്തിൽ 1 ലക്ഷം രൂപയും വെള്ളക്കരം [05(1)] ഇനത്തിൽ 1.75 ലക്ഷം രൂപയും ഉൾപ്പെടെ ആകെ രൂപ 4.28 ലക്ഷം രൂപ ധനപുന:വിനിയോഗം വഴി അനുവദിച്ചിട്ടുണ്ട്.

## ശിപാർശ

2230-03-101-76- വ്യാവസായിക തൊഴിലാളികൾക്കും പരിശീലകർക്കും ആധുനിക തൊഴിൽ പരിശീലനം

വിഹിതം : 88,32,000 രൂപ (പദ്ധതിയേതരം)

വ്യാവസായിക തൊഴിലാളികൾക്കും പരിശീലകർക്കും ആധുനിക തൊഴിൽ പരിശീലനം നൽകുന്നതിനായി സ്ഥാപിച്ചിട്ടുള്ള എ.വി.റ്റി.എസ്., കളമശ്ശേരി എന്ന

സ്ഥാപനത്തിന് മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് [01(4)] ഇനത്തിൽ- 1.5 ലക്ഷം രൂപയും മറ്റ് ചെലവുകൾ-മറ്റിനം [34(3)] ഇനത്തിൽ 1 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 2.5 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 20)

## സർക്കാർ സ്വീകരിച്ച നടപടി

ബജറ്റ് വിഹിതം ചെലവഴിക്കപ്പെടാത്തതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

## ശിപാർശ

2230-03-101-70 - ഐ. ടി. ഐ. ട്രെയിനികൾക്കുള്ള പോഷകാഹാര പദ്ധതി
വിഹിതം : 9,00,00,000 രൂപ (പദ്ധതി)

ഐ.ടി.ഐ. ട്രെയിനികൾക്ക് നിലവിലുള്ള പോഷകാഹാര പദ്ധതി തുടരുന്നതിനും അട്ടപ്പാടി, ആര്യനാട്, നിലമ്പൂർ എന്നീ ഐ.ടി.ഐ.കളിലെ ഹോസ്റ്റലുകളിൽ താമസിക്കുന്ന ട്രെയിനികൾക്ക് പ്രഭാത, രാത്രികാല ഭക്ഷണം നൽകുന്നതിനും അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 16 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 21)

## സർക്കാർ സ്വീകരിച്ച നടപടി

2230-03-101-70 'ഐ.ടി.ഐ ട്രെയിനികൾക്കുള്ള പോഷകാഹാര പദ്ധതി' ശീർഷകത്തിൽ 350 ലക്ഷം രൂപ അഡീഷണൽ ഓതറൈസേഷൻ വഴി അനുവദിച്ചിട്ടുണ്ട്.

## ശിപാർശ

2230-03-102-99 - ദേശീയ തൊഴിലഭ്യസന പരിപാടികൾ

വിഹിതം : 5,91,74,000 രൂപ (പദ്ധതിയേതരം)

വകുപ്പിന് കീഴിലുള്ള 9 ആർ.ഐ സെന്ററുകളിൽ നിന്നും തൊഴിൽ പരിശീലനം നേടിയ ട്രെയിനികളെ ട്രെയിനിംഗ് ഡയറക്ടറേറ്റിലും ഐടിഐ കളിലും നിയമിക്കുമ്പോൾ സ്റ്റൈപ്പെൻഡ് നൽകുന്നതിലേക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും (12) ഇനത്തിൽ 2 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 22)

## സർക്കാർ സ്വീകരിച്ച നടപടി

2230-03-102-99 'ദേശീയ തൊഴിലഭ്യസന പരിപാടികൾ' ശീർഷകത്തിൽ സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും (12) ഇനത്തിൽ 2.13 ലക്ഷം രൂപ ധനപുന:വിനിയോഗം വഴി അനുവദിച്ചിട്ടുണ്ട്.

## ശിപാർശ

4250-00-203-99 - ഭാഷാന്യൂനപക്ഷ പ്രദേശങ്ങളിലെ ഐ.ടി.ഐകൾ ശക്തിപ്പെടുത്തൽ

വിഹിതം : 2,00,00,000 രൂപ (പദ്ധതി)

ഭാഷാന്യൂനപക്ഷ പ്രദേശമായ ഇടുക്കി ജില്ലയിലെ ചിത്തിരപുരം ഐ.ടി.ഐയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനും കുറ്റിക്കോൽ, കൊഴിഞ്ഞാമ്പാറ എന്നീ ഐ.ടി.ഐകളിലേയ്ക്ക് ഉപകരണങ്ങൾ സംഭരിക്കുന്നതിനും അനുവദിച്ച തുക അപര്യാപ്തമായതിനാൽ 3 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 23)

## <u>സർക്കാർ സ്വീകരിച്ച നടപടി</u>

ബജറ്റ് വിഹിതം ചെലവഴിക്കപ്പെടാത്തതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

## <u>ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ്</u>

## <u>ശിപാർശ</u>

2230-01-102-99- <u>ഫാക്ടറികളുടെയും ബോയിലറുകളുടെയും ഡയറക്ടറേറ്റ്</u>

വിഹിതം : 17,81,27,000 രൂപ (പദ്ധതിയേതരം)

ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന്റെ നടത്തിപ്പിനായി ശമ്പളം, യാത്രാ ബത്ത, ഓഫീസ് ചെലവുകൾ എന്നീ ഇനങ്ങളിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ <u>68.46 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക -24)

## <u>സർക്കാർ സ്വീകരിച്ച നടപടി</u>

2230-01-102-99 ശീർഷകത്തിലെ ശമ്പളം (01), യാത്രാബത്ത (04) ഓഫീസ് ചെലവുകൾ (05), വാടക, കരം, നികുതി (06) എന്നീ ശീർഷകങ്ങളിലാണ് അധിക തുക ആവശ്യപ്പെട്ടിരുന്നത്. ഇതിൽ ശമ്പളം (01) ഇനത്തിൽ അധിക തുക ആവശ്യമായി വന്നില്ല. ട്രാൻസ്ഫർ ടി.എ. (04-02) എന്ന ശീർഷകത്തിൽ അധികമായി വേണ്ടി വന്ന 15,000 രൂപ 2230-01-102-99-05-04 OE NP എന്ന ശീർഷകത്തിൽ നിന്നും LTC (04-04) എന്ന ശീർഷകത്തിൽ അധികമായി വേണ്ടി വന്ന 10,000 രൂപ 2230-01-102-95-04-01 TA NP എന്ന ശീർഷകത്തിൽ നിന്നും വാട്ടർ ചാർജ്ജസ് (05-01) എന്ന ശീർഷകത്തിൽ അധികമായി വേണ്ടി വന്ന 12,000 രൂപ 2230-01-102-95-05-01 Water Charges NP എന്ന ശീർഷകത്തിൽ നിന്നും മറ്റ് ചെലവുകൾ (34-03) എന്ന ശീർഷകത്തിൽ അധികമായി വേണ്ടി വന്ന 39,000

രൂപ 2230-01-102-95-05-04 OE NP എന്ന ശീർഷകത്തിൽ നിന്നും പി.ഒ.എൽ (45) എന്ന ശീർഷകത്തിൽ അധികമായി വേണ്ടി വന്ന 15,000 രൂപ 2230-01-102-95-00-45 POL NP എന്ന ശീർഷകത്തിൽ നിന്നും റീ അപ്രോപ്രിയേഷൻ വഴി കണ്ടെത്തിയിട്ടുണ്ട്. ഇലക്ട്രിസിറ്റി ചാർജ്ജസിൽ (05-02) അധികമായി വേണ്ടി വന്ന 5,90,000/- രൂപയിൽ 1,40,000 രൂപ 2230-01-102-99-05-04 OE NP എന്ന ശീർഷകത്തിൽ നിന്നും റീ അപ്രോപ്രിയേഷൻ വഴിയും 4,50,000 രൂപ അഡീഷണൽ ഓഥറൈസേഷൻ വഴിയും കണ്ടെത്തിയിട്ടുണ്ട്. വാടക, കരം, നികുതി (06) എന്ന ശീർഷകത്തിൽ അധികമായി വേണ്ടി വന്ന 10,89,000 രൂപ അഡീഷണൽ ഓഥറൈസേഷൻ വഴിയും കണ്ടെത്തിയിട്ടുണ്ട്.

## ശിപാർശ

2230-01-102-95- ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ് - തൊഴിൽ സുരക്ഷയും ആരോഗ്യ പ്രവർത്തനവും (OSHA)

വിഹിതം :1,74,89,000 രൂപ (പദ്ധതിയേതരം)

ഈ ശീർഷകത്തിൽ ശമ്പളം, യാത്രാബത്ത, ഓഫീസ് ചെലവിനങ്ങൾ എന്നീ ഇനങ്ങളിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 58.19 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -25)

## സർക്കാർ സ്വീകരിച്ച നടപടി

2230-01-102-95 ശീർഷകത്തിലെ ശമ്പളം (01), യാത്രാബത്ത (04), ഓഫീസ് ചെലവുകൾ (05) എന്നീ ശീർഷകങ്ങളിൽ ആവശ്യപ്പെട്ടിരുന്ന അധിക തുക ആവശ്യമായി വന്നില്ല.

## നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരളം)

### ശിപാർശ

2230-02-001-98- എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെയും എംപ്ലോയ്മെന്റ് ഡയറക്ടറേറ്റിന്റെയും കമ്പ്യൂട്ടർവത്കരണം

വിഹിതം : 45,00,000 രൂപ (പദ്ധതി)

ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ മോഡൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളാക്കി ഉയർത്തുന്നതിനായി ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -26)

### സർക്കാർ സ്വീകരിച്ച നടപടി

സമിതി ശിപാർശയിന്മേൽ അധികതുക അനുവദിക്കുന്നതിനായി എംപ്ലോയ്മെന്റ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ അംഗീകാരത്തിനായി ധനകാര്യ വകുപ്പിലേയ്ക്ക് അയച്ചപ്പോൾ ശിപാർശ പ്രകാരമുള്ള ശീർഷകങ്ങളിൽ നടപ്പ് വർഷം വകയിരുത്തിയിട്ടുള്ള തുക പൂർണ്ണമായും വിനിയോഗിച്ച ശേഷം നടപ്പ് വർഷം അധികമായി ആവശ്യമുള്ള തുകയ്ക്ക്, തുകയുടെ ആവശ്യകത വ്യക്തമാക്കി അനുബന്ധ രേഖകൾ സഹിതം ശിപാർശ സമർപ്പിക്കുവാൻ ആ വകുപ്പ് നിർദ്ദേശിക്കുകയുണ്ടായി.

എന്നാൽ സാമ്പത്തിക വർഷം അവസാനിച്ച സാഹചര്യത്തിൽ അധിക തുക ആവശ്യമില്ലെന്ന വിവരം എംപ്ലോയ്മെന്റ് ഡയറക്ടർ അറിയിച്ചു.

**ശിപാർശ**

2230-02-101-93-33 - എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്ത ഭിന്നശേഷിയുള്ളവർക്കായുള്ള പുനരധിവാസവും ക്ഷേമ പ്രവർത്തനവും (കൈവല്യ) - സബ്സിഡികൾ

വിഹിതം : 3,30,00,000 രൂപ (പദ്ധതി)

കൈവല്യ പദ്ധതി നടപ്പിലാക്കുന്നതിനും കുടിശ്ശിക കൊടുത്തുതീർക്കുന്നതിനും അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -27)

**സർക്കാർ സ്വീകരിച്ച നടപടി**

നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിന് സമിതി ശിപാർശ അനുസരിച്ചുള്ള അധികതുക ഒന്നും അനുവദിക്കുകയുണ്ടായില്ല.

**ശിപാർശ**

2230-02-101-88- എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബിലിറ്റി ഡവലപ്മെന്റ് കേന്ദ്രങ്ങളും മികവിന്റെ കേന്ദ്രങ്ങളുമാക്കി മാറ്റൽ

വിഹിതം : 4,75,00,000 രൂപ (പദ്ധതി)

കാസർഗോഡ്, കണ്ണൂർ, വയനാട്, മലപ്പുറം, ഇടുക്കി, പത്തനംതിട്ട എന്നീ ജില്ലകളിൽ കരിയർ ഡവലപ്മെന്റ് സെന്റർ ആരംഭിക്കുന്നതിനും കരമന, പയ്യന്നൂർ എന്നിവിടങ്ങളിലെ കരിയർ ഡവലപ്മെന്റ് സെന്ററുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി 5 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -28)

## <u>സർക്കാർ സ്വീകരിച്ച നടപടി</u>

സമിതി ശിപാർശയിന്മേൽ അധികതുക അനുവദിക്കുന്നതിനായി എംപ്ലോയ്മെന്റ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ അംഗീകാരത്തിനായി ധനകാര്യ വകുപ്പിലേയ്ക്ക് അയച്ചപ്പോൾ ശിപാർശ പ്രകാരമുള്ള ശീർഷകങ്ങളിൽ നടപ്പ് വർഷം വകയിരുത്തിയിട്ടുള്ള തുക പൂർണ്ണമായും വിനിയോഗിച്ച ശേഷം നടപ്പ് വർഷം അധികമായി ആവശ്യമുള്ള തുകയ്ക്ക്, തുകയുടെ ആവശ്യകത വ്യക്തമാക്കി അനുബന്ധ രേഖകൾ സഹിതം ശിപാർശ സമർപ്പിക്കുവാൻ ആ വകുപ്പ് നിർദ്ദേശിക്കുകയുണ്ടായി.

എന്നാൽ സാമ്പത്തിക വർഷം അവസാനിച്ച സാഹചര്യത്തിൽ അധിക തുക ആവശ്യമില്ലെന്ന വിവരം എംപ്ലോയ്മെന്റ് ഡയറക്ടർ അറിയിച്ചു.

## <u>ശിപാർശ</u>

2230-02-101-87- <u>നവജീവൻ</u>

വിഹിതം : 40,00,000 രൂപ (പദ്ധതി)

നവജീവൻ പദ്ധതി മുഖേന മുതിർന്ന പൗരന്മാർക്കനുവദിക്കുന്ന സ്വയം തൊഴിൽ വായ്പയ്ക്കുള്ള സബ്സിഡിക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ <u>ഈ ശീർഷകത്തിൽ 60 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക -29)

## <u>സർക്കാർ സ്വീകരിച്ച നടപടി</u>

നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിന് സമിതി ശിപാർശ അനുസരിച്ചുള്ള അധികതുക ഒന്നും അനുവദിക്കുകയുണ്ടായില്ല.

## ശിപാർശ

2230-02-101-85- സമന്വയ - പട്ടികജാതി/പട്ടികവർഗ്ഗത്തിനായുള്ള സമഗ്ര തൊഴിൽ വികസന പരിപാടി

വിഹിതം : 25,00,000 രൂപ (പദ്ധതി)

കേരളത്തിലുടനീളമുള്ള പട്ടികജാതി/പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്കായുള്ള സമഗ്ര തൊഴിൽ വികസന പരിപാടിയുടെ നടത്തിപ്പിനായി അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -30)

## സർക്കാർ സ്വീകരിച്ച നടപടി

സമിതി ശിപാർശയിന്മേൽ അധികതുക അനുവദിക്കുന്നതിനായി എംപ്ലോയ്മെന്റ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ അംഗീകാരത്തിനായി ധനകാര്യ വകുപ്പിലേയ്ക്ക് അയച്ചപ്പോൾ ശിപാർശ പ്രകാരമുള്ള ശീർഷകങ്ങളിൽ നടപ്പ് വർഷം വകയിരുത്തിയിട്ടുള്ള തുക പൂർണ്ണമായും വിനിയോഗിച്ച ശേഷം നടപ്പ് വർഷം അധികമായി ആവശ്യമുള്ള തുകയ്ക്ക്, തുകയുടെ ആവശ്യകത വ്യക്തമാക്കി അനുബന്ധ രേഖകൾ സഹിതം ശിപാർശ സമർപ്പിക്കുവാൻ ആ വകുപ്പ് നിർദ്ദേശിക്കുകയുണ്ടായി.

എന്നാൽ സാമ്പത്തിക വർഷം അവസാനിച്ച സാഹചര്യത്തിൽ അധിക തുക ആവശ്യമില്ലെന്ന വിവരം എംപ്ലോയ്മെന്റ് ഡയറക്ടർ അറിയിച്ചു.

**<u>ശിപാർശ</u>**

6250-60-800-97- <u>കൈവല്യ പദ്ധതിയുടെ കീഴിലെ വായ്പകൾ</u>

വിഹിതം : 3,30,00,000 രൂപ (പദ്ധതി)

കൈവല്യ പദ്ധതി മുഖേന സ്വയംതൊഴിൽ വായ്പ നൽകുന്നതിനും വായ്പാ പദ്ധതിക്കായി കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷന് നൽകുന്നതിനും അനുവദിച്ച തുക അപര്യാപ്തമായതിനാൽ <u>ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക -31)

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിന് സമിതി ശിപാർശ അനുസരിച്ചുള്ള അധികതുക ഒന്നും അനുവദിക്കുകയുണ്ടായില്ല.

**<u>കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് (കിലെ)</u>**

**<u>ശിപാർശ</u>**

2230– 03-101-66-31 - <u>കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് - സഹായധനം - ശമ്പളം</u>

വിഹിതം : 25,58,000 രൂപ (പദ്ധതിയേതരം)

കിലെയിലെ ജീവനക്കാരുടെ ശമ്പളം, ആനുകൂല്യങ്ങൾ എന്നിവയ്ക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ <u>24.93 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു</u>

(ഖണ്ഡിക -32)

## സർക്കാർ സ്വീകരിച്ച നടപടി

2023-24 സാമ്പത്തിക വർഷത്തെ കിലെയുടെ പ്രവർത്തനങ്ങൾക്കായി പദ്ധതികളുടെ നടത്തിപ്പിന് അധിക തുക അനുവദിക്കുകയുണ്ടായില്ല.

## ശിപാർശ

2230-03-101-66-36 കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ്- സഹായധനം - ശമ്പളേതരം

വിഹിതം : 2,60,00,000 രൂപ (പദ്ധതി)

കിലെയിലെ നിലവിലുള്ള സ്കീമുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതി പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.31 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -33)

## സർക്കാർ സ്വീകരിച്ച നടപടി

2023-24 സാമ്പത്തിക വർഷത്തെ കിലെയുടെ പ്രവർത്തനങ്ങൾക്കായി പദ്ധതികളുടെ നടത്തിപ്പിന് അധിക തുക അനുവദിക്കുകയുണ്ടായില്ല.

## ശിപാർശ

2230– 03-101-66-36 - കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് - സഹായധനം - ശമ്പളേതരം

വിഹിതം : 5,00,000 രൂപ (പദ്ധതിയേതരം)

കിലെയിലെ ദൈനംദിന ചെലവുകൾക്കായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5.84 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -34)

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

കിലെയുടെ ദൈനംദിന ചെലവുകൾക്കായി അധികതുക അനുവദിക്കുകയുണ്ടായില്ല.

**<u>ശീർഷകം പുന:സ്ഥാപിക്കുന്നതിന്</u>**

കിലെ കാമ്പസിനെ ദേശീയ നിലവാരമുള്ള പരിശീലന ഗവേഷണ സ്ഥാപനമായി ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി മുൻവർഷം നിലവിലുണ്ടായിരുന്ന 2230-03-101-52 (പദ്ധതി) എന്ന <u>ശീർഷകം പുന:സ്ഥാപിച്ച് 10 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക -35)

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

കിലെക്ക് സ്വന്തമായി ഒരു ക്യാമ്പസ് നിർമ്മിക്കുന്നതിന് സ്ഥലം കണ്ടെത്താൻ ശ്രമിക്കുകയാണ് എന്നും, സ്ഥലം ലഭ്യമാകുന്ന മുറക്ക് കിലെ കാമ്പസ് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുക എന്ന ലക്ഷ്യം വച്ചുകൊണ്ടാണ് ടി ആവശ്യത്തിലേക്കായി 10 കോടി രൂപ ബഡ്ജറ്റ് പ്രൊപ്പോസലിൽ ഉൾപ്പെടുത്തിയത്. കിലെ ക്യാമ്പസ് സംബന്ധിച്ച ഒരു DPR തയ്യാറാക്കുകയും ചെയ്തിരുന്നു. എന്നാൽ സ്ഥലം ഇതുവരെയും ലഭ്യമായിട്ടില്ല.

ആയതിനാൽ കിലെയെ ദേശീയ നിലവാരമുള്ള പരിശീലന ഗവേഷണ സ്ഥാപനമായി ഉയർത്തുന്നതു സംബന്ധിച്ച എസ്റ്റിമേറ്റ് തയ്യാറാക്കാൻ സാധിച്ചിട്ടില്ല. നിലവിൽ DPR മാത്രമാണ് തയ്യാറാക്കിയിട്ടുള്ളത്. കിലെ ക്യാമ്പസിന് ആവശ്യമായ റവന്യൂ ഭൂമി ലഭ്യമാകുന്ന മുറക്ക് അതിൻപ്രകാരമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുന്നതാണെന്ന് കിലെ എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

## ഒഡെപെക്
## ശിപാർശ

2230– 01-103-10 - ഓവർസീസ് ഡെവലപ്പ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രമോഷൻ കൺസൾട്ടന്റ്സ് (ഒഡെപിസി) ലിമിറ്റഡ്

വിഹിതം : 3,50,00,000 രൂപ (പദ്ധതി)

ഒഡെപെക്കിന്റെ 2023-24 സാമ്പത്തിക വർഷത്തെ പദ്ധതികളുടെ നടത്തിപ്പിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ 6 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -36)

## സർക്കാർ സ്വീകരിച്ച നടപടി

ഒഡെപെക്കിന്റെ 2023-24 സാമ്പത്തിക വർഷത്തെ പദ്ധതികളുടെ നടത്തിപ്പിന് അധിക തുക അനുവദിക്കുകയുണ്ടായില്ല.

## വ്യാവസായിക ട്രിബ്യൂണലുകൾ ആന്റ് ലേബർ കോടതികൾ

## ശിപാർശ

2230– 01-101-96- വ്യാവസായിക ട്രിബ്യൂണൽ, ആലപ്പുഴ

വിഹിതം : 1,32,56,000 രൂപ (പദ്ധതിയേതരം)

വ്യാവസായിക ട്രിബ്യൂണൽ, ആലപ്പുഴ എന്ന സ്ഥാപനത്തിന്റെ നടത്തിപ്പിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ മറ്റ് അലവൻസുകൾ [02 (3)] ഇനത്തിൽ 6,000 രൂപയും കൺസോളിഡേറ്റഡ് പേ [02 (4)] ഇനത്തിൽ 3 ലക്ഷം രൂപയും വൈദ്യുതി ചെലവ് [05 (2)] ഇനത്തിൽ 36,000 രൂപയും വാടക, കരം, നികുതി (06) ഇനത്തിൽ 3.87 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 7.29 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -37)

## സർക്കാർ സ്വീകരിച്ച നടപടി

ആലപ്പുഴ വ്യാവസായിക ട്രൈബ്യൂണലിന് മറ്റ് അലവൻസുകൾ [02(3)] എന്ന ശീർഷകത്തിൽ അധിക ധനാനുമതി പ്രകാരം 12000 രൂപയും വൈദ്യുതി ചെലവ് [05(2)] എന്ന ശീർഷകത്തിൽ ധനപുന:വിനിയോഗം മുഖേന 10000 രൂപയും വാടക, കരം, നികുതി (06) എന്ന ശീർഷകത്തിൽ അധിക ധനാനുമതി പ്രകാരം 547000 രൂപയും അധികമായി അനുവദിക്കുകയുണ്ടായി.

[02(4)] എന്ന ശീർഷകത്തിൽ സമിതി ശുപാർശ അനുസരിച്ചുള്ള അധിക തുക അനുവദിക്കുകയുണ്ടായില്ല.

## ശിപാർശ

2230– 01-101-91- തൊഴിൽ കോടതി, എറണാകുളം

വിഹിതം : 1,17,31,000 രൂപ (പദ്ധതിയേതരം)

എറണാകുളം തൊഴിൽ കോടതിയുടെ നടത്തിപ്പിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ശമ്പളം [02 (1)] ഇനത്തിൽ 50,000 രൂപയും യാത്രാ ബത്ത [04 (1)] ഇനത്തിൽ 1 ലക്ഷം രൂപയും സ്ഥലംമാറ്റബത്ത [04 (2)] ഇനത്തിൽ 50,000 രൂപയും അവധി യാത്രാനുകൂല്യം [04 (4)] ഇനത്തിൽ 75,000 രൂപയും വൈദ്യുതി ചെലവ് [05 (2)] ഇനത്തിൽ 20,000 രൂപയും ടെലഫോൺ ചെലവ് [05 (3)] ഇനത്തിൽ 13,000 രൂപയും വാടക, കരം, നികുതി (06) ഇനത്തിൽ 3.32 ലക്ഷം രൂപയും മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും [21(2)] ഇനത്തിൽ 22,000 രൂപയും പി.ഒ.എൽ (45) ഇനത്തിൽ 28,000 രൂപയും വിവര സാങ്കേതിക വിദ്യ (99 ) ഇനത്തിൽ 35,000 രൂപയും ഉൾപ്പെടെ ആകെ 7.25 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -38)

## <u>സർക്കാർ സ്വീകരിച്ച നടപടി</u>

എറണാകുളം തൊഴിൽ കോടതിയ്ക്ക് മോട്ടോർ വാഹന സംരക്ഷണവും അറ്റകുറ്റപണികളും [21(2)] എന്ന ശീർഷകത്തിൽ 25,000 രൂപയും പി.ഒ.എൽ [45] എന്ന ശീർഷകത്തിൽ 14,000 രൂപയും അധിക ധനാനുമതി പ്രകാരം അനുവദിക്കുകയുണ്ടായി.

സമിതി ശിപാർശ അനുസരിച്ചുള്ള അധിക തുക മറ്റ് ശീർഷകങ്ങളിൽ അനുവദിക്കുകയുണ്ടായില്ല.

## <u>ശിപാർശ</u>

2230-01-101-89 - <u>ലേബർ കോടതി, കണ്ണൂർ</u>

വിഹിതം : 1,09, 01,000 രൂപ (പദ്ധതിയേതരം)

ലേബർ കോടതി, കണ്ണൂർ എന്ന സ്ഥാപനത്തിന് യാത്രാബത്ത <u>[04(1)] ഇനത്തിൽ 20,000 രൂപയും പി.ഒ.എൽ (45) ഇനത്തിൽ 14,000 രൂപയും ഉൾപ്പെടെ ആകെ 34,000 രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യാർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക -39)

## <u>സർക്കാർ സ്വീകരിച്ച നടപടി</u>

കണ്ണൂർ തൊഴിൽ കോടതിയ്ക്ക് സമിതി ശിപാർശ അനുസരിച്ച് പി.ഒ.എൽ (45) എന്ന ശീർഷകത്തിൽ 42,000 രൂപ അധിക ധനാനുമതി പ്രകാരം അനുവദിക്കുകയുണ്ടായി. [04(1)] എന്ന ശീർഷകത്തിൽ അധിക തുക അനുവദിക്കുകയുണ്ടായില്ല.

## ശിപാർശ

2230-01-101-86 - വ്യാവസായിക ട്രിബ്യൂണൽ, ഇടുക്കി

വിഹിതം : 1,12, 35,000 രൂപ (പദ്ധതിയേതരം)

വ്യാവസായിക ട്രിബ്യൂണൽ, ഇടുക്കിയുടെ നടത്തിപ്പിനായി യാത്രാബത്ത [04(1)] ഇനത്തിൽ 1.62 ലക്ഷം രൂപയും അവധി യാത്രാനുകൂല്യം [04(4)] ഇനത്തിൽ 95,000 രൂപയും വൈദ്യുതി ചെലവ് [05(2)] ഇനത്തിൽ 13,000 രൂപയും മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളും [21(2)] ഇനത്തിൽ 23,000 രൂപയും പി.ഒ.എൽ (45) ഇനത്തിൽ 2.52 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 5.45 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യാർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -40)

## സർക്കാർ സ്വീകരിച്ച നടപടി

ഇടുക്കി വ്യാവസായിക ട്രിബ്യൂണലിന് വൈദ്യുതി ചെലവ് [05(2)] എന്ന ശീർഷകത്തിൽ 20,000 രൂപയും പി.ഒ.എൽ (45) എന്ന ശീർഷകത്തിൽ 70,000 രൂപയും അധികമായി അനുവദിക്കുകയുണ്ടായി.

സമിതി ശിപാർശ അനുസരിച്ചുള്ള അധിക തുക മറ്റ് ശീർഷകങ്ങളിൽ അനുവദിക്കുകയുണ്ടായില്ല.

## ശിപാർശ

2230-01-101-85 - വ്യാവസായിക ട്രിബ്യൂണൽ, പാലക്കാട്

വിഹിതം : 1,31, 09,000 രൂപ (പദ്ധതിയേതരം)

പാലക്കാട് വ്യാവസായിക ട്രിബ്യൂണലിന്റെ വസതിയിലെ വെള്ളക്കരം ഇനത്തിലും വസതിയിലെയും ഓഫീസിലെയും വൈദ്യുതി ചെലവ് ഇനത്തിലും അനുവദിച്ച തുക അപര്യാപ്തമായതിനാൽ വെള്ളക്കരം [05(1)] ഇനത്തിൽ 3,000 രൂപയും വൈദ്യുതി ചെലവ് [05(2)] ഇനത്തിൽ 5,000 രൂപയും ഉൾപ്പെടെ ആകെ

8,000 രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -41)

## സർക്കാർ സ്വീകരിച്ച നടപടി

പാലക്കാട് വ്യാവസായിക ട്രിബ്യൂണലിന് വൈദ്യുതി ചെലവ് [05(2)] എന്ന ശീർഷകത്തിൽ 5,000 രൂപ അധികമായി അനുവദിക്കുകയുണ്ടായി.

[05(1)] എന്ന ശീർഷകത്തിൽ സമിതി ശിപാർശ അനുസരിച്ചുള്ള അധിക തുക അനുവദിക്കുകയുണ്ടായില്ല.

## ശിപാർശ

2230-01-101-79 - വ്യാവസായിക ട്രിബ്യൂണൽ, തൃശ്ശൂർ

വിഹിതം : 1,18, 05,000 രൂപ (പദ്ധതിയേതരം)

തൃശ്ശൂർ വ്യാവസായിക ട്രിബ്യൂണലിന്റെ ഓഫീസ്, വസതി എന്നിവിടങ്ങളിലെ വൈദ്യുതി ചെലവിനും മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികൾക്കുമായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ വൈദ്യുതി ചെലവ് [05(2)] ഇനത്തിൽ 35,000 രൂപയും മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളും [21(2)] ഇനത്തിൽ 30,000 രൂപയും ഉൾപ്പെടെ ആകെ 65,000 രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യാർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -42)

## സർക്കാർ സ്വീകരിച്ച നടപടി

തൃശ്ശൂർ വ്യാവസായിക ട്രിബ്യൂണലിന് ഓഫീസ് വൈദ്യുതി ചെലവ് [05(2)] ഇനത്തിൽ 35,000 രൂപ അധികമായി അനുവദിക്കുകയുണ്ടായി.

[21(2)] എന്ന ശീർഷകത്തിൽ സമിതി ശിപാർശ അനുസരിച്ചുള്ള അധിക തുക അനുവദിക്കുകയുണ്ടായില്ല.

**വിദ്യാഭ്യാസം, കായികവിനോദം,കല, സംസ്കാരം**

**ശിപാർശ**

4202-02-105-85 - ഐ.ടി.ഐ. ബിൽഡിംഗ് വർക്ക്സ്

വിഹിതം : 12,50,00,000 രൂപ (പദ്ധതി)

വകുപ്പിൽ പുതുതായി അനുവദിക്കുന്ന ഐ.ടി.ഐ.കൾക്കും സ്വന്തമായി ഭൂമിയുള്ള ഐ.ടി.ഐ.കൾക്കും ആവശ്യമായ കെട്ടിടനിർമ്മാണം, നിലവിലുള്ള ഐ.ടി.ഐ.കൾക്ക് ആവശ്യമായ പുതിയ കെട്ടിട നിർമ്മാണം, ക്ലാസ് റൂം, വർക്ക് ഷോപ്പ്, അഡ്മിനിസ്റ്റേറ്റീവ് ബ്ലോക്ക്, സ്റ്റാഫ് ക്വാർട്ടേഴ്സ്, ട്രെയിനീസ് ഹോസ്റ്റൽ എന്നിവയ്ക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 12.5 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -43)

**സർക്കാർ സ്വീകരിച്ച നടപടി**

ബജറ്റ് വിഹിതം ചെലവഴിക്കപ്പെടാത്തതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

**ഇൻഷുറൻസ് മെഡിക്കൽ വിഭാഗം**

**ശിപാർശ**

2210-01-102-99 - ഭരണ വിഭാഗം

വിഹിതം : 8,72,45,000 രൂപ (പദ്ധതിയേതരം)

റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകളിൽ നിയമിക്കുന്ന അപ്രന്റീസ് ട്രെയിനികൾക്ക് സ്റ്റൈപ്പൻഡ് നൽകുന്നതിനായി ഈ ശീർഷകത്തിൽ തുക അനുവദിച്ചിട്ടില്ലാത്തതിനാൽ സ്കോളർഷിപ്പുകളും

സ്റ്റൈപ്പൻഡുകളും (12) ഇനത്തിൽ 2.52 ലക്ഷം രൂപയും ഇ-ഓഫീസ് സംവിധാനത്തിന്റെ നവീകരണത്തിനായും കമ്പ്യൂട്ടർ ഉപകരണങ്ങളുടെ മെയിന്റനൻസിനായും അനുവദിച്ച തുക അപര്യാപ്തമായതിനാൽ (99) ഇനത്തിൽ 3.99 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 6.51 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -44)

## സർക്കാർ സ്വീകരിച്ച നടപടി

- സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും (12) ഇനത്തിൽ 1,77,000/- രൂപ ധനപുനക്രമീകരണം (G.O(Rt) No.5929/2023/Fin തീയതി : 10.08.2023), 1,38,088/- രൂപ ചെലവായി.
- വിവരസാങ്കേതികവിദ്യാ (99) ഇനത്തിൽ 60,000/- രൂപ ധനപുനക്രമീകരണം (G.O(Rt) No.5929/2023/Fin തീയതി : 10.08.2023) ബഡ്ജറ്റ് ഉൾപ്പെടെ ആകെ 61,000/- രൂപയിൽ ബാക്കി ബിൽ ലഭിക്കാൻ കാലതാമസം കാരണം ബാക്കി വേണ്ട തുക ലഭ്യമാക്കാൻ കഴിയാഞ്ഞതിനാൽ 480 രൂപ മാത്രമാണ് ചെലവാക്കിയത്.

## ശിപാർശ

2210-01-102-98 - ഡിസ്പെൻസറികൾ

വിഹിതം : 204,96,15,000 രൂപ (പദ്ധതിയേതരം)

ഇ.എസ്.ഐ ആശുപത്രികളിൽ നിയമിക്കുന്ന അപ്രന്റീസ് ട്രെയിനികൾക്ക് സ്റ്റൈപ്പെൻഡ് നൽകുന്നതിനായി തുക അനുവദിച്ചിട്ടില്ലാത്തതിനാൽ സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും (12) ഇനത്തിൽ 7.56 ലക്ഷം രൂപയും ഇ-ഓഫീസിന്റെ നവീകരണം കമ്പ്യൂട്ടർ ഉപകരണങ്ങളുടെ മെയിന്റനൻസ് എന്നിവയ്ക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ വിവരസാങ്കേതിക വിദ്യാ (99) ഇനത്തിൽ 9 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 16.56 ലക്ഷം രൂപ

<u>ഈ ശീർഷകത്തിൽ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക -45)

## സർക്കാർ സ്വീകരിച്ച നടപടി

- സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും (12) ഇനത്തിൽ തുക ഒന്നും ലഭ്യമാക്കിയിട്ടില്ല.
- വിവരസാങ്കേതികവിദ്യ (99) ഇനത്തിൽ 10,000/- രൂപ ധനപുന:ക്രമീകരണം (G.O(Rt) No.5929/2023/Fin തീയതി : 10.08.2023) വഴി ഉൾപ്പെടുത്തി, ഇനത്തിൽ ഇ-ഓഫീസിന്റെ പ്രവർത്തനത്തിന് കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ്വർക്കിലേക്ക് (KSWAN) ലീസ് ലൈൻ കണക്ഷൻ ബിൽ ലഭിക്കാൻ കാലതാമസം കാരണം സമയ പരിധിയിൽ ബാക്കി വേണ്ട തുക ലഭ്യമാക്കാൻ കഴിഞ്ഞില്ല. ബഡ്ജറ്റ് ഉൾപ്പെടെ ആകെ 11,000/- രൂപയിൽ 9,850/- രൂപ ചെലവായി.

## ശിപാർശ

2210-01-102-96 - <u>ഇ.എസ്.ഐ.യുടെ കീഴിലുള്ള പ്രത്യേക ഘടക പദ്ധതികൾക്കുള്ള ചെലവ്</u>

വിഹിതം : 107,54,14,000 രൂപ (പദ്ധതിയേതരം)

ഇ.എസ്.ഐ.യുടെ കീഴിലുള്ള പ്രത്യേക ഘടക പദ്ധതികളുടെ 2023-24 സാമ്പത്തിക വർഷത്തെ നടത്തിപ്പിനായി ഡ്രഗ്സും ഡ്രസ്സിംഗ്സും [01] ഇനത്തിൽ 37.3461 കോടി രൂപയും ഡയറ്റ് (02) ഇനത്തിൽ 44.87 ലക്ഷം രൂപയും സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ [03] ഇനത്തിൽ 1.6370 കോടി രൂപയും മെഡിക്കൽ ക്ലെയിംസിന്റെ റീ-ഇംബേഴ്സ്മെന്റ് [04] ഇനത്തിൽ 6.63 കോടി രൂപയും വാഹനം വാങ്ങൽ [05] ഇനത്തിൽ 59.99 ലക്ഷം രൂപയും യൂണിറ്റൊന്നിന് 25,000 രൂപയ്ക്ക് മുകളിൽ ചെലവ് വരുന്ന

യന്ത്രോപകരണങ്ങൾ വാങ്ങൽ [07] ഇനത്തിൽ 5.5958 കോടി രൂപയും ഇ.എസ്.ഐ. പദ്ധതികളുടെ ഗുണഭോക്താക്കൾക്ക് വൈദ്യസുരക്ഷ നൽകുന്നതിന വേണ്ടിയുള്ള ചെലവ് [12] ഇനത്തിൽ 2.90 കോടി രൂപയും ഉൾപ്പെടെ ആകെ 55.1575 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -46)

## സർക്കാർ സ്വീകരിച്ച നടപടി

- ഡ്രഗ്സും ഡ്രസ്സിംഗ്സും (01) ഇനത്തിൽ 25 കോടി രൂപ (സർക്കാർ ഉത്തരവ് (G.O(Rt) No.871/2024/Fin തീയതി : 31.01.2024 പ്രകാരം) അധിക ധന അനുമതി പ്രകാരം അനുവദിച്ചു. ആകെ ലഭിച്ച 89,65,39,000/- രൂപയിൽ 80,29,13,214/- രൂപ ചെലവായി.
- ഡയറ്റ് (02) ഇനത്തിൽ 20 ലക്ഷം രൂപ (സർക്കാർ ഉത്തരവ് (G.O(Rt) No.871/2024/Fin തീയതി : 31.01.2024 പ്രകാരം) അധിക ധന അനുമതി പ്രകാരം അനുവദിച്ചു. ആകെ ലഭിച്ച 75,13,000/- രൂപയിൽ 72,75,184/- രൂപ ചെലവായി.
- സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ (03) ഇനത്തിൽ 1.5 കോടി രൂപ (സർക്കാർ ഉത്തരവ് (G.O(Rt) No.871/2024/Fin തീയതി : 31.01.2024 പ്രകാരം) അധിക ധന അനുമതി പ്രകാരം അനുവദിച്ചു. ആകെ ലഭിച്ച 29,86,30,000/- രൂപയിൽ 29,81,58,680/- രൂപ ചെലവായി.
- മെഡിക്കൽ ക്ലെയിംസിന്റെ റീ-ഇംബേഴ്സ്മെന്റ് (04) ഇനത്തിൽ 3 കോടി രൂപ (സർക്കാർ ഉത്തരവ് (G.O(Rt) No.871/2024/Fin തീയതി : 31.01.2024 പ്രകാരം) അധിക ധന അനുമതി പ്രകാരം അനുവദിച്ചു. ആകെ ലഭിച്ച 16,36,54,000/- രൂപയിൽ 16,21,44,208/- രൂപ ചെലവായി.
- വാഹനം വാങ്ങൽ (05) യന്ത്രോപകരണങ്ങൾ വാങ്ങൽ (07), ഇ.എസ്.ഐ പദ്ധതികളുടെ ഗുണഭോക്താക്കൾക്ക് വൈദ്യസുരക്ഷ

നൽകുന്നതിനുവേണ്ടിയുള്ള ചെലവ് (12) എന്നിവയിൽ പദ്ധതി അംഗീകാരം ലഭിക്കാത്തതിനാൽ തുക വേണ്ടി വന്നില്ല.

## കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

### ശിപാർശ

2801-80-101-99-33- വിദ്യുച്ഛക്തി സൗജന്യ നിരക്കിൽ വിതരണം ചെയ്യുന്നതിന് വിദ്യുച്ഛക്തി ബോർഡിനുള്ള ദ്രവ്യസഹായം - സബ്സിഡികൾ

വിഹിതം : 1000 രൂപ (പദ്ധതിയേതരം)

പ്രതിമാസ ഉപഭോഗം 120 യൂണിറ്റിൽ താഴെയുള്ള ഗാർഹിക ഉപഭോക്താക്കളെയും കാർഷിക ഉപഭോക്താക്കളെയും താരിഫ് വർദ്ധനയിൽ നിന്നും ഒഴിവാക്കിയതു മൂലമുള്ള നഷ്ടം നികത്താനുള്ള സബ്സിഡി ഇനത്തിൽ 2022-23, 2023-24 ലുമായി ലഭിക്കേണ്ട തുകയായ 768.24 കോടി രൂപയും 30 യൂണിറ്റുവരെ വൈദ്യുതി ഉപഭോഗമുള്ള ഗാർഹിക ഉപഭോക്താക്കളെ വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിൽ നിന്ന് ഒഴിവാക്കിയതിനാലും യൂണിറ്റിന് 1.50 രൂപ ഈടാക്കുന്ന 40 യൂണിറ്റ് ഉപഭോഗമുള്ള വിഭാഗത്തിന്റെ നിരക്ക് 50 യൂണിറ്റ് വരെയുള്ള ഉപഭോക്താക്കൾക്കായി വർദ്ധിപ്പിച്ചതിനാലുമുള്ള നഷ്ടം നികത്താനുള്ള സബ്സിഡി ഇനത്തിൽ 2022-23 ലും 2023-24 ലുമായി ലഭിക്കേണ്ട തുകയായ 80 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 769.04 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -47)

### സർക്കാർ സ്വീകരിച്ച നടപടി

ശീർഷകം 2801-80-101-99-ൽ ധനപുനർവിനിയോഗം വഴിയോ അധിക ധനാഭ്യർത്ഥനയിലൂടെയോ 769.04 കോടി രൂപ 2023-24 സാമ്പത്തിക വർഷത്തിൽ അനുവദിക്കാൻ വിഷയനിർണ്ണയ സമിതി ശിപാർശ

ചെയ്തിരുന്നുവെങ്കിലും പ്രസ്തുത തുക 2023-24 സാമ്പത്തിക വർഷത്തിൽ അനുവദിച്ചു നൽകിയിട്ടില്ല.

31.10.2023 വരെ ഇലക്ട്രിസിറ്റി ഡ്യൂട്ടി കൈവശം വയ്ക്കുന്നതിന് കെ.എസ്.ഇ.ബി.എൽ.-നെ അനുവദിച്ചിട്ടുണ്ടായിരുന്നു. 2023-24 സാമ്പത്തിക വർഷം അവസാനം വരെ ഇലക്ട്രിസിറ്റി ഡ്യൂട്ടി കെ.എസ്.ഇ.ബി.എൽ. സർക്കാരിൽ ഒടുക്കിയിട്ടില്ല.

## ശിപാർശ

2801-80-101-92 - കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിക്കേണ്ട വൈദ്യുതി ചാർജ്ജിന്റെ കുടിശ്ശിക എഴുതി തള്ളിയതു മൂലമുണ്ടായ നഷ്ടം പരിഹരിക്കുന്നതിന് കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന് നൽകുന്ന ധനസഹായം

വിഹിതം : 1000 രൂപ (പദ്ധതിയേതരം)

കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിക്കേണ്ട വൈദ്യുതി ചാർജ്ജിന്റെ കുടിശ്ശികയ്ക്ക് വാർഷിക നഷ്ടപരിഹാരം നൽകുന്നതിന് 52.4 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -48)

## സർക്കാർ സ്വീകരിച്ച നടപടി

കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിക്കേണ്ട വൈദ്യുതി ചാർജ്ജിന്റെ കുടിശ്ശികയ്ക്ക് വാർഷിക നഷ്ടപരിഹാരം നൽകുന്ന ഇനത്തിൽ ബാക്കിയുണ്ടായിരുന്ന 52.4 കോടി രൂപ 2022-23 സാമ്പത്തിക വർഷത്തിൽ തന്നെ അനുവദിച്ചു നൽകിയിരുന്നു. എന്നാൽ 2022-23 വർഷത്തിലെ ബഡ്ജറ്റ് വിഹിതമായ 331.67 കോടി രൂപയിൽ സർക്കാർ 271.67 കോടി രൂപ മാത്രമാണ്

അനുവദിച്ചിരുന്നത്. ബാക്കിയുള്ള 60 കോടി രൂപ 2023-24 സാമ്പത്തിക വർഷത്തിലും അനുവദിച്ചിട്ടില്ല.

2801-80-101-85 - <u>ട്രാൻസ് ഗ്രിഡ് 2.0</u>

വിഹിതം : - 1,00,000 രൂപ (പദ്ധതി)

ട്രാൻസ് ഗ്രിഡ് പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തി പൂർത്തിയാക്കിയ രണ്ട് പദ്ധതികൾക്കായി കെ.എസ്.ഇ.ബി.യ്ക്ക് ചെലവായ തുക സംസ്ഥാന വിഹിതമായി ലഭ്യമാക്കുന്നതിന് <u>158 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക -49)

## <u>സർക്കാർ സ്വീകരിച്ച നടപടി</u>

2801-80-101-85 ശീർഷകത്തിൽ 158 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന സമിതി ശിപാർശ പരിശോധിക്കുന്നതിലേയ്ക്കായി വ്യക്തമായ പ്രൊപ്പോസൽ കെ.എസ്.ഇ.ബി.എൽ ലഭ്യമാക്കേണ്ടതുണ്ടായിരുന്നു. ധനകാര്യ വകുപ്പ് നിർദ്ദേശിച്ച പ്രകാരം PSDF ഗ്രാന്റുമായി ബന്ധപ്പെട്ട മാർഗ്ഗ നിർദ്ദേശങ്ങൾ/സർക്കാർ ഉത്തരവ് GST-Price Variation etc.-യുമായി ബന്ധപ്പെട്ട് സർക്കാരിന്റെ പ്രതിബദ്ധത വ്യക്തമാക്കുന്ന ഉത്തരവുകൾ തുടങ്ങി 158 കോടി രൂപ അനുവദിക്കുന്നത് സംബന്ധിച്ച രേഖകൾ ധനകാര്യ വകുപ്പിന് സമർപ്പിച്ച് നടപടിക്രമങ്ങൾ പൂർത്തിയാക്കുവാൻ കഴിയാത്തതിനാൽ 2023-24 സാമ്പത്തിക വർഷം അധിക തുക അനുവദിക്കുവാൻ സാധിച്ചിരുന്നില്ല.

## <u>ശിപാർശ</u>

2801-80-101-83 - <u>ഇടമൺ - കൊച്ചി സെക്ടറിലെ 400 കെവി ട്രാൻസ്മിഷൻ ലൈനുവേണ്ടിയുള്ള നഷ്ടപരിഹാര പാക്കേജ്</u>

വിഹിതം : ഇല്ല (പദ്ധതി)

ഇടമൺ - കൊച്ചി സെക്ടറിലെ 400 കെ.വി. ട്രാൻസ്മിഷൻ

ലൈനുവേണ്ടിയുള്ള നഷ്ടപരിഹാരപാക്കേജ് ഇനത്തിൽ സംസ്ഥാന വിഹിതമായി തുക അനുദിച്ചിട്ടില്ലാത്തതിനാൽ 30 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -50)

**സർക്കാർ സ്വീകരിച്ച നടപടി**

ഇടമൺ-കൊച്ചി സെക്ടറിലെ 400 kv ട്രാൻസ്മിഷൻ ലൈനിനുള്ള നഷ്ടപരിഹാര പാക്കേജിനായുള്ള പ്രൊപ്പോസലുകൾ ഒന്നും തന്നെ 2023-24 സാമ്പത്തിക വർഷം ലഭിച്ചിരുന്നില്ല. ആയതിനാൽ ഹെഡ് ഓഫ് അക്കൗണ്ട് 2801-80-101-83 പ്രകാരം 2023-24-ൽ തുകയൊന്നും നൽകിയിട്ടില്ല.

**ശിപാർശ**

2801-80-101-82 - തൃശ്ശൂർ മുതൽ പുഗലൂർ വരെയുള്ള 320 കെ.വി. എച്ച് വി ഡി സി ട്രാൻസ്മിഷൻ ലൈൻ നിർമ്മിക്കുന്നതിനുള്ള പ്രത്യേക നഷ്ടപരിഹാര പാക്കേജ്

വിഹിതം : ഇല്ല(പദ്ധതി)

തൃശ്ശൂർ-പുഗലൂർ 320 കെ.വി.എച്ച്.വി.ഡി.സി ട്രാൻസ്മിഷൻ ലൈൻ നിർമ്മിക്കുന്നതിനുള്ള നഷ്ടപരിഹാര പാക്കേജിനായി തുക അനുവദിച്ചി-ട്ടില്ലാത്തതിനാൽ 13.87 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -51)

**സർക്കാർ സ്വീകരിച്ച നടപടി**

ശീർഷകം 2801-80-101-82-ൽ തൃശ്ശൂർ മുതൽ പുഗലൂർ വരെയുള്ള 320 കെ.വി.എച്ച്.വി.ഡി.സി. ട്രാൻസ്മിഷൻ ലൈൻ നിർമ്മിക്കുന്നതിനുള്ള പ്രത്യേക നഷ്ടപരിഹാര പാക്കേജിനായി 13.87 കോടി രൂപ ഈ ശീർഷകത്തിൽ

ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നുവെങ്കിലും 2023-24-ൽ ഇതിനായി തുക നൽകിയിട്ടില്ല. എങ്കിലും 12.06.2024-ലെ ഉത്തരവ് പ്രകാരം 7,48,69,089/- രൂപ അനുവദിക്കുകയും ടി തുക 04.07.2024-ന് കെ.എസ്.ഇ.ബി.എൽ.-ന്റെ അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

**ശീർഷകം പുനഃസ്ഥാപിക്കുന്നതിന്**

**ശിപാർശ**

2018-19 സാമ്പത്തിക വർഷത്തിൽ തുക വകയിരുത്തിയിരുന്നതും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതുമായ താഴെപ്പറയുന്ന പദ്ധതികൾക്ക് മുമ്പുണ്ടായിരുന്ന ശീർഷകം പുനഃസ്ഥാപിച്ച് സംസ്ഥാന വിഹിതമായി താഴെപ്പറയും പ്രകാരം തുക വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -52)

**RGGVY-(പഴയ ശീർഷകം2801-80-101-90)(പ്ലാൻ)2.44 കോടി രൂപ**

(ഖണ്ഡിക -53)

**സർക്കാർ സ്വീകരിച്ച നടപടി**

2023-24 സാമ്പത്തിക വർഷം ഈ ഹെഡ് ഓഫ് അക്കൗണ്ടിനു കീഴിൽ തുക അനുവദിച്ചിട്ടില്ല.

**ദീൻദയാൽ ഉപാദ്ധ്യായ ഗ്രാമജ്യോതി യോജന (ഡി.ഡി.യു.ജി.ജെ.വൈ) (പഴയ ശീർഷകം 2801-80-101-87) (പ്ലാൻ) 48.3 കോടി രൂപ.**

(ഖണ്ഡിക -54)

**സർക്കാർ സ്വീകരിച്ച നടപടി**

2023-24 കാലയളവിൽ ഈ ഹെഡ് ഓഫ് അക്കൗണ്ടിനു കീഴിൽ തുക അനുവദിച്ചിട്ടില്ല.

**സംയോജിത ഊർജ്ജ വികസന പദ്ധതി (ഐ.പി.ഡി.എസ്സ്.)**
**(പഴയ ശീർഷകം 2801-80-101-86) (പ്ലാൻ) 59.21 കോടി രൂപ.**

(ഖണ്ഡിക -55)

**സർക്കാർ സ്വീകരിച്ച നടപടി**

2023-24 സാമ്പത്തിക വർഷം ഈ ഹെഡ് ഓഫ് അക്കൗണ്ടിനു കീഴിൽ തുക അനുവദിച്ചിട്ടില്ല.

**മുട്ടത്തറ സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള ധനസഹായം**
**(പഴയ ശീർഷകം 4801-80-101-99) (പ്ലാൻ) 41.6319 കോടി രൂപ.**

(ഖണ്ഡിക -56)

**സർക്കാർ സ്വീകരിച്ച നടപടി**

13.02.2015-ലെ സ.ഉ.(കൈ) നം.7/2015/PD ഉത്തരവ് പ്രകാരം മുട്ടത്തറയിൽ 110 kv സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് KSEBL-നു 45.26 കോടി രൂപ ധനസഹായമായി സർക്കാർ അനുവദിച്ചു. കൂടാതെ പ്രസ്തുത പദ്ധതിക്കായി 17.07.2015-ലെ സ.ഉ. (സാധ) നം.161/2015/PD പ്രകാരം ഇതുവരെ 3.63 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം ഈ ഹെഡ് ഓഫ് അക്കൗണ്ടിനു കീഴിൽ തുക അനുവദിച്ചിട്ടില്ല.

**ശിപാർശ**

4801-80-101-98 – നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതി ഉപയോഗിച്ചുകൊണ്ടുള്ള സമ്പൂർണ്ണ വൈദ്യുതീകരണം

വിഹിതം : 1,00,00,000 രൂപ (പദ്ധതിയേതരം)

കേരളത്തിലെ എല്ലാ ആദിവാസി കോളനികളിലും വൈദ്യുതി എത്തിക്കുന്ന ആവശ്യത്തിലേക്കായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ കെ.എസ്.ഇ.ബി.എൽ.-ന് 25 കോടി രൂപ ഈ

ശീർഷകത്തിൽ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 57)

**സർക്കാർ സ്വീകരിച്ച നടപടി**

**ധനകാര്യ വകുപ്പ്**

**ഇടക്കാല റിപ്പോർട്ട്**

നിലവിലുള്ള ബജറ്റ് വിഹിതം പൂർണ്ണമായി വിനിയോഗിച്ചശേഷം അധിക തുക ആവശ്യമായി വരുന്ന പക്ഷം ഭരണവകുപ്പ് സമർപ്പിക്കുന്ന ഉചിതമായ ധനപുനർവിനിയോഗ നിർദ്ദേശങ്ങൾ പരിഗണിക്കുന്നതാണ്.

**അന്തിമ റിപ്പോർട്ട്**

കേരളത്തിലെ എല്ലാ ആദിവാസി കോളനികളിലും വൈദ്യുതി എത്തിക്കുന്ന ആവശ്യത്തിലേക്കായി 2023-24 സാമ്പത്തിക വർഷത്തിൽ 4801-80-101-98 എന്ന ശീർഷകത്തിൽ 1 കോടി രൂപ വകയിരുത്തിയിരുന്നു. ടി ശീർഷകത്തിൽ 3,61,64,454/- രൂപ അധിക തുകയായി അനുവദിച്ച് നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കഴിഞ്ഞ സാമ്പത്തിക വർഷം ഭരണ വകുപ്പ് ശിപാർശ (File No.C1/257/2017/power) ലഭ്യമാക്കിയിരുന്നു. തുടർന്ന്, സ.ഉ(സാധാ)നം. 4737/2023/ധന. തീയതി 20.06.2023 പ്രകാരം 3,61,65,000/- രൂപ പ്രസ്തുത ശീർഷകത്തിൽ അധിക ധനാനുമതിയിലൂടെ അനുവദിച്ച് നൽകിയിട്ടുണ്ട്.

**ഊർജ്ജ വകുപ്പ്**

4801-80-101-98 - നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതി ഉപയോഗിച്ചു കൊണ്ടുള്ള സമ്പൂർണ്ണ വൈദ്യുതീകരണം എന്ന ശീർഷകത്തിൽ ധനകാര്യ വകുപ്പ് ബജറ്റ് വിഹിതമായ ഒരു കോടി രൂപയോടൊപ്പം 3.6165 കോടി രൂപ കൂടി അനുവദിക്കുകയുണ്ടായി. എന്നാൽ തുകയുടെ വിനിയോഗം കൂടി ഉറപ്പു വരുത്തിയ ശേഷം റിലീസ് ചെയ്യാനായിരുന്നു ധനകാര്യ വകുപ്പ്

നിർദ്ദേശിച്ചിരുന്നത്. തുകയുടെ വിനിയോഗം സംബന്ധിച്ച് സാക്ഷ്യപത്രം ലഭിച്ച ശേഷം തുക റിലീസ് ചെയ്യുന്നതിനുള്ള 23.03.2024-ന് ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവെങ്കിലും Ways and Means ൽ നിന്നും യഥാസമയം ക്ലിയറൻസ് ലഭിക്കാത്തതു മൂലം തുക കെ.എസ്.ഇ.ബി.എൽ.-ന് റിലീസ് ചെയ്ത് നൽകാൻ സാധിച്ചില്ല.

## ശിപാർശ

6801-00-190-86 - ഡാം റീഹാബിലിറ്റേഷനും ഇംപ്രൂവ്മെന്റ് പ്രോഗ്രാമും (ഡ്രിപ്പ്) ഉൾപ്പെടെയുള്ള ഡാം സുരക്ഷാ പ്രവൃത്തികൾ

(വിദേശ സഹായ പദ്ധതികൾ)

വിഹിതം : 18,00,00,000 രൂപ (പദ്ധതി)

ഡ്രിപ്പ് ഉൾപ്പെടെയുള്ള സുരക്ഷാ പ്രവൃത്തികൾക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 27 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 58)

## സർക്കാർ സ്വീകരിച്ച നടപടി

DRIP ഉൾപ്പെടെയുള്ള സുരക്ഷ പ്രവർത്തനങ്ങൾക്കായി 2023-24 ൽ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ അധികമായി 24 കോടി രൂപ വകയിരുത്തേണ്ടതായി കണക്കാക്കപ്പെടുന്നു. ഇതിന്റെ വിശദാംശങ്ങൾ ചുവടെ സമർപ്പിക്കുന്നു.

| | | |
|---|---|---|
| 1. | ലോക ബാങ്കിന്റെ അംഗീകാരം ലഭിച്ചിട്ടുള്ളതും G.O.(Rt)No.88/2023/POWER dated 22.05.2023 പ്രകാരം കെ.എസ്.ഇ.ബി.യ്ക്ക് നൽകുന്നതിനായി അനുവദിച്ചിട്ടുള്ള തുക | 18.55 കോടി രൂപ |
| 2. | 2022-2023 സാമ്പത്തിക വർഷം ചെലവഴിച്ചിട്ടുള്ളതും സർക്കാരിൽ നിന്നും ലഭിക്കേണ്ടതുമായ തുക | 13.82 കോടി രൂപ |
| 3. | 2023-2024 സാമ്പത്തിക വർഷം സെപ്റ്റംബർ 2023 വരെ ചെലവഴിക്കാൻ ഉദ്ദേശിക്കുന്ന തുക | 9.63 കോടി രൂപ |
| | ആകെ | **42** കോടി രൂപ |

| | | |
|---|---|---|
| 4. | 2023-2024 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള തുക | 18 കോടി രൂപ |
| 5. | 2023-2024 സാമ്പത്തിക വർഷം ബഡ്ജറ്റ് എസ്റ്റിമേറ്റിൽ അധികമായി ഉൾപ്പെടുത്തേണ്ട തുക | 24 കോടി രൂപ |

DRIP പ്രവർത്തനങ്ങൾക്കായി 2023-2024 ബഡ്ജറ്റിൽ അധികമായി ഉൾപ്പെടുത്തേണ്ട തുകക്കുള്ള (24 കോടി) Supplementary demand for grants പ്രൊപ്പോസൽ കെ.എസ്.ഇ.ബി.എൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ നിലവിൽ ധനകാര്യ വകുപ്പുമായി കൂടിയാലോചിച്ച് പരിശോധിച്ചു വരുന്നു.

## ശിപാർശ

**നബാർഡ് ബന്ധിത വിവിധ പദ്ധതികൾക്ക് സംസ്ഥാന വിഹിതം താഴെപ്പറയും പ്രകാരം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

(ഖണ്ഡിക - 59)

**2.0 മെഗാവാട്ട് ശേഷിയുള്ള അപ്പർ കല്ലാർ ചെറുകിട ജലവൈദ്യുതി പദ്ധതി സ്ഥാപിക്കുന്നതിനായി സംസ്ഥാന വിദ്യുച്ഛക്തി ബോർഡിനുള്ള വായ്പകൾ എന്ന ശീർഷകത്തിൽ (ശീർഷകം 6801-00-190-85) (പ്ലാൻ) 3.34 കോടി രൂപ.**

(ഖണ്ഡിക - 60)

## സർക്കാർ സ്വീകരിച്ച നടപടി

നബാർഡ് വായ്പ സ്വീകരിച്ചു നടപ്പിലാക്കുന്ന പദ്ധതികൾക്ക് പ്രവൃത്തിയുടെ പുരോഗതി അനുസരിച്ചു സമർപ്പിക്കുന്ന ബില്ലുകൾ അധിക ധനാനുമതി വഴിയും തുക അനുവദിച്ചു നൽകുന്നുണ്ട്. നബാർഡ് സംബന്ധിത പദ്ധതികൾക്ക് അധികതുക

വായ്പയിനത്തിൽ വകയിരുത്തണമെന്ന വിഷയ നിർണ്ണയ സമിതിയുടെ ശിപാർശ അംഗീകരിക്കാൻ നിർവ്വാഹമില്ലെന്ന് ധനകാര്യ വകുപ്പ് അറിയിച്ചതിനാൽ സമിതി ശിപാർശ ചെയ്തത് പ്രകാരമുള്ള തുക അനുവദിക്കാൻ സാധിച്ചില്ല.

**പോത്തൻകോടിൽ 2 മെഗാവാട്ട് ശേഷിയുള്ള ഗ്രിഡ് കണക്ടഡ് സോളാർ ഫോട്ടോ വോൾട്ടായിക്ക് പവർ പ്ലാന്റ് സ്ഥാപിക്കുന്നതിന് സംസ്ഥാന വൈദ്യുത ബോർഡിനുള്ള വായ്പകൾ എന്ന ശീർഷകത്തിൽ (ശീർഷകം 6801-00-190-83) (പ്ലാൻ) 2.11 കോടി രൂപ.**

(ഖണ്ഡിക - 61)

## സർക്കാർ സ്വീകരിച്ച നടപടി

നബാർഡ് വായ്പ സ്വീകരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾക്ക് പ്രവൃത്തിയുടെ പുരോഗതി അനുസരിച്ച് സമർപ്പിക്കുന്ന ബില്ലുകൾ അധിക ധനാനുമതി വഴിയും തുക അനുവദിച്ച് നൽകുന്നുണ്ട്. നബാർഡ് സംബന്ധിത പദ്ധതികൾക്ക് അധികതുക വായ്പയിനത്തിൽ വകയിരുത്തണമെന്ന വിഷയ നിർണ്ണയ സമിതിയുടെ ശിപാർശ അംഗീകരിക്കാൻ നിർവ്വാഹമില്ലെന്ന് ധനകാര്യ വകുപ്പ് അറിയിച്ചതിനാൽ സമിതി ശിപാർശ ചെയ്തത് പ്രകാരമുള്ള തുക അനുവദിക്കാൻ സാധിച്ചില്ല.

**പേഴക്കാപ്പള്ളിയിൽ 1.20 മെഗാവാട്ട് ശേഷിയുള്ള ഗ്രിഡ് കണക്ട്ഡ് സോളാർ ഫോട്ടോ വോൾട്ടായിക്ക് ഊർജ്ജപദ്ധതി ആരംഭിക്കുന്നതിന് സംസ്ഥാന വൈദ്യുത ബോർഡിനുള്ള വായ്പകൾ എന്ന ശീർഷകം പുന:സ്ഥാപിച്ച് (ശീർഷകം 6801-00-190-82) (പ്ലാൻ) 7.02 കോടി രൂപ വകയിരുത്തുക.**

(ഖണ്ഡിക - 62)

## സർക്കാർ സ്വീകരിച്ച നടപടി

നബാർഡ് വായ്പ സ്വീകരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾക്ക് പ്രവൃത്തിയുടെ പുരോഗതി അനുസരിച്ച് സമർപ്പിക്കുന്ന ബില്ലുകൾ അധിക ധനാനുമതി വഴിയും തുക അനുവദിച്ച് നൽകുന്നുണ്ട്. നബാർഡ് സംബന്ധിത പദ്ധതികൾക്ക് അധികതുക

വായ്പയിനത്തിൽ വകയിരുത്തണമെന്ന വിഷയ നിർണ്ണയ സമിതിയുടെ ശിപാർശ അംഗീകരിക്കാൻ നിർവ്വാഹമില്ലെന്ന് ധനകാര്യ വകുപ്പ് അറിയിച്ചതിനാൽ സമിതി ശിപാർശ ചെയ്തത് പ്രകാരമുള്ള തുക അനുവദിക്കാൻ സാധിച്ചില്ല.

**തലക്കുളത്തൂരിൽ 0.65 മെഗാവാട്ട് ശേഷിയുള്ള ഗ്രിഡ് കണക്ടഡ് സോളാർ ഫോട്ടോ വോൾട്ടായിക്ക് ഊർജ്ജ പദ്ധതി ആരംഭിക്കുന്നതിന് സംസ്ഥാന വൈദ്യുത ബോർഡിനുള്ള വായ്പകൾ എന്ന ശീർഷകത്തിൽ (ശീർഷകം 6801-00-190-81) പ്ലാൻ 0.82 കോടി രൂപ**

(ഖണ്ഡിക - 63)

## <u>സർക്കാർ സ്വീകരിച്ച നടപടി</u>

നബാർഡ് വായ്പ സ്വീകരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾക്ക് പ്രവൃത്തിയുടെ പുരോഗതി അനുസരിച്ച് സമർപ്പിക്കുന്ന ബില്ലുകൾ അധിക ധനാനുമതി വഴിയും തുക അനുവദിച്ചു നൽകുന്നുണ്ട്. നബാർഡ് സംബന്ധിത പദ്ധതികൾക്ക് അധികതുക വായ്പയിനത്തിൽ വകയിരുത്തണമെന്ന വിഷയ നിർണ്ണയ സമിതിയുടെ ശിപാർശ അംഗീകരിക്കാൻ നിർവ്വാഹമില്ലെന്ന് ധനകാര്യ വകുപ്പ് അറിയിച്ചതിനാൽ സമിതി ശിപാർശ ചെയ്തത് പ്രകാരമുള്ള തുക അനുവദിക്കാൻ സാധിച്ചില്ല.

**6.0 മെഗാവാട്ട് ശേഷിയുള്ള പെരുവണ്ണാമൂഴി ജലവൈദ്യുത പദ്ധതി സ്ഥാപിക്കുന്നതിനായി സംസ്ഥാന വിദ്യുച്ഛക്തി ബോർഡിനുള്ള വായ്പകൾ എന്ന ശീർഷകത്തിൽ (ശീർഷകം 6801-00-190-80) (പ്ലാൻ) 4.95 കോടി രൂപ.**

(ഖണ്ഡിക - 64)

## <u>സർക്കാർ സ്വീകരിച്ച നടപടി</u>

നബാർഡ് വായ്പ സ്വീകരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾക്ക് പ്രവൃത്തിയുടെ പുരോഗതി അനുസരിച്ച് സമർപ്പിക്കുന്ന ബില്ലുകൾ അധിക ധനാനുമതി വഴിയും തുക അനുവദിച്ചു നൽകുന്നുണ്ട്. നബാർഡ് സംബന്ധിത പദ്ധതികൾക്ക് അധികതുക വായ്പയിനത്തിൽ വകയിരുത്തണമെന്ന വിഷയ നിർണ്ണയ സമിതിയുടെ ശിപാർശ

അംഗീകരിക്കാൻ നിർവ്വാഹമില്ലെന്ന് ധനകാര്യ വകുപ്പ് അറിയിച്ചതിനാൽ സമിതി ശിപാർശ ചെയ്തത് പ്രകാരമുള്ള തുക അനുവദിക്കാൻ സാധിച്ചില്ല.

**ഏജൻസി ഫോർ നോൺ-കൺവെൻഷണൽ എനർജി ആന്റ് റൂറൽ ടെക്നോളജി (അനെർട്ട്)**

2810-00-104-99- ഗ്രാമീണ സാങ്കേതിക വിദ്യയും പാരമ്പര്യേതര ഊർജ ഏജൻസിയും (അനർട്ട്) ധനസഹായം - സഹായധനം - ശമ്പളേതരം

വിഹിതം : 3,41,10,000 രൂപ (പദ്ധതിയേതരം)

അനെർട്ടിന്റെ വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനാവശ്യമായ ശമ്പളം, ശമ്പള കുടിശ്ശിക, യാത്രാചെലവ്, വാടക, ഓഫീസ് ചെലവ് എന്നിവ വഹിക്കുന്ന ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 6.6347 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 65)

## സർക്കാർ സ്വീകരിച്ച നടപടി

2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതമായ 341.10 ലക്ഷം രൂപയിൽ 179.62 ലക്ഷം രൂപ മാത്രമാണ് അനെർട്ടിന് അനുവദിച്ച് നൽകിയിട്ടുള്ളത്. ANERT/FA/157/2023-JM(F&A) dated 02.03.2024 കത്ത് പ്രകാരം ബഡ്ജറ്റ് വിഹിതത്തിലെ മുഴുവൻ തുകയും അനുവദിക്കുന്നതിന് വേണ്ടി അനെർട്ട് അഭ്യർത്ഥന സമർപ്പിച്ചെങ്കിലും ആ വർഷം പ്രസ്തുത തുക അനുവദിച്ച് കിട്ടിയിരുന്നില്ല. ബഡ്ജറ്റ് വിഹിതം പൂർണ്ണമായും അനുവദിച്ച് കിട്ടാത്ത സാഹചര്യത്തിൽ അധികമായി ധനപുന:വിനിയോഗം വഴി തുക വകയിരുത്തണമെന്ന സമിതിയുടെ ശിപാർശ പ്രകാരം തുക ആവശ്യപ്പെടാൻ സാധിച്ചില്ല.

2810-00-800-90(06)-35 - അനർട്ട് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ - പുനരാവർത്തക ഊർജ്ജത്തിലുള്ള പരിപാടികൾ - മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

വിഹിതം : 33,80,00,000 രൂപ (പദ്ധതി)

കേരളത്തിലെ എല്ലാ ആദിവാസി കോളനികളിലും ഗ്രിഡ്/ഓഫ് ഗ്രിഡ് കണക്ഷൻ മുഖേന വൈദ്യുതി എത്തിക്കുന്നതിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 120 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 66)

## സർക്കാർ സ്വീകരിച്ച നടപടി

2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതമായ 3,380 ലക്ഷം രൂപയിൽ 1,284 ലക്ഷം രൂപ മാത്രമാണ് അനെർട്ടിന് അനുവദിച്ച് നൽകിയിട്ടുള്ളത്. ANERT/FA/153/2023-JM(F&A) dated 15.03.2024 കത്ത് പ്രകാരം ബഡ്ജറ്റ് വിഹിതത്തിലെ മുഴുവൻ തുകയും അനുവദിക്കുന്നതിന് വേണ്ടി അനെർട്ട് അഭ്യർത്ഥന സമർപ്പിച്ചെങ്കിലും ആ വർഷം പ്രസ്തുത തുക അനുവദിച്ച് കിട്ടിയിരുന്നില്ല. ബഡ്ജറ്റ് വിഹിതം പൂർണ്ണമായും അനുവദിച്ച് കിട്ടാത്ത സാഹചര്യത്തിൽ അധികമായി ധനപുന:വിനിയോഗം വഴി തുക വകയിരുത്തണമെന്ന സമിതിയുടെ ശിപാർശ പ്രകാരം തുക ആവശ്യപ്പെടാൻ സാധിച്ചില്ല.

2810-00-800-78- ഗ്രീൻ എനർജി ഹബ്

വിഹിതം : 92,00,000 രൂപ (പദ്ധതി)

2023-24-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പ്രകാരം കൊച്ചിയിലും തിരുവനന്തപുരത്തും ഓരോ ഗ്രീൻ ഹൈഡ്രജൻ ഹബുകൾ സ്ഥാപിക്കുന്നതിനായി 20 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 67)

## സർക്കാർ സ്വീകരിച്ച നടപടി

2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച 20 കോടി രൂപയ്ക്ക് ANERT-RD/6/2023-T7 dated 04.12.2023 കത്ത് പ്രകാരം ഉപധനാഭ്യർത്ഥന നടത്തിയിരുന്നു. ബഡ്ജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ചതിനു ശേഷം ഉപധനാഭ്യർത്ഥനയ്ക്കുള്ള അപേക്ഷ സമർപ്പിക്കണമെന്ന് ധനകാര്യ വകുപ്പ് നിർദ്ദേശിച്ചിരുന്നു. ബഡ്ജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ച് തീർക്കാത്ത സാഹചര്യത്തിൽ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച തുക സമിതി ശിപാർശ ചെയ്ത പ്രകാരം ഉപധനാഭ്യർത്ഥന വഴി ആവശ്യപ്പെടാൻ സാധിച്ചില്ല.

## എനർജി മാനേജ്മെന്റ് സെന്റർ - കേരള

## ശിപാർശ

2801-80-004-99- ചെറുകിട ജലവൈദ്യുത വികസനവും ജല-കൈനറ്റിക് പവർ പദ്ധതിയും

വിഹിതം : 4,50,00,000 രൂപ (പദ്ധതി)

പുതിയ ജലവൈദ്യുത പദ്ധതികൾക്കുള്ള വയബിലിറ്റി ഗ്യാപ്പ് ഫണ്ടിനായി 200 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 68)

## സർക്കാർ സ്വീകരിച്ച നടപടി

അധികതുക ആവശ്യമില്ലാത്തതിനാൽ സബ്ജക്ട് കമ്മിറ്റിയുടെ ശിപാർശ പ്രകാരം എനർജി മാനേജ്മെന്റ് സെന്റർ ശിപാർശ സമർപ്പിച്ചിട്ടില്ലായെന്ന വിവരം സമിതിയെ ബോധിപ്പിച്ചുകൊള്ളുന്നു.

## ശിപാർശ

2810-00-104-98- എനർജി മാനേജ്മെന്റ് സെന്റർ (ധനസഹായം)

വിഹിതം : 98,72,000 രൂപ (പദ്ധതിയേതരം)

എനർജി മാനേജ്മെന്റ് സെന്ററിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനും മറ്റ് ദൈനംദിന ചെലവുകൾക്കായും അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3.3928 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 69)

## സർക്കാർ സ്വീകരിച്ച നടപടി

2023-24 സാമ്പത്തിക വർഷത്തിൽ എനർജി മാനേജ്മെന്റ് സെന്ററിന് 2810-00-104-98-31 Salary (NP), 2810-00-104-98-36-Non Salary (NP) എന്നീ ശീർഷകങ്ങളിലായി ആകെ 98.72 ലക്ഷം രൂപ അനുവദിച്ചിരുന്നു. പ്രസ്തുത തുകയിൽ 2024 മാർച്ച് മാസത്തോടു കൂടി ആകെ 64.16800 ലക്ഷം രൂപ റിലീസ് ചെയ്ത് നൽകിയിട്ടുണ്ട്. ബജറ്റ് വിഹിതം പൂർണമായും ഉപയോഗപ്പെടുത്തിയ ശേഷം മാത്രമേ അധികമായുള്ള ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന ശിപാർശ പരിഗണിക്കാൻ കഴിയുകയുള്ളൂ. ആയതിനാൽ സബ്ജക്ട് കമ്മിറ്റിയുടെ ശിപാർശ പ്രകാരം എനർജി മാനേജ്മെന്റ് സെന്ററിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനും മറ്റ് ദൈനംദിന ചെലവുകൾക്കും ബജറ്റിൽ

അനുവദിച്ച തുക അപര്യാപ്തമായതിനാൽ അധികമായി 3.3928 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന സമിതിയുടെ ശിപാർശ പരിഗണിക്കാൻ സാധിച്ചില്ലായെന്ന സമിതിയെ ബോധിപ്പിക്കുന്നു.

2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ എല്ലാ ശിപാർശകളിന്മേലും സർക്കാരിൽ നിന്നും നടപടി സ്റ്റേറ്റ്മെന്റുകൾ ലഭ്യമായിട്ടുണ്ട്.

തിരുവനന്തപുരം,
2024 ജൂലൈ 8

**ശ്രീ. കെ. കൃഷ്ണൻകുട്ടി,**
**ചെയർമാൻ,**
**സബ്ജക്ട് കമ്മിറ്റി-VII.**